# PRIVATE MEMBERS' RESOLUTIONS ADOPTED

| *Sl. No.* | *Date on which the resolution was adopted* | *Name of Member who moved the resolution* | *Text of Resolution (as adopted)* |
|---|---|---|---|
| (1) | (2) | (3) | (4) |
| | | **ഒന്നാം കേരള നിയമസഭ** | |
| 1. | 9.7.1958 | ശ്രീ.ഇ.ഗോപാലകൃഷ്ണമേനോൻ | **കൊച്ചിയിൽ കപ്പൽ നിർമ്മാണകേന്ദ്രം**<br>ഇൻഡ്യാ ഗവൺമെന്റ് ആരംഭിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന രണ്ടാം കപ്പൽ നിർമ്മാണ കേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കേണ്ടതാണെന്ന് ഈ സമ്മേളനം അഭിപ്രായപ്പെടുന്നു. |
| | | **മൂന്നാം കേരള നിയമസഭ** | |
| 2. | 11.1.1968 | ശ്രീ. ടി. കെ. രാമകൃഷ്ണൻ | **കേന്ദ്രത്തിൽ നിന്നുള്ള അരിവിഹിതം**<br>കേന്ദ്ര ഗവൺമെന്റ് കേരളത്തിന് വാഗ്ദാനം ചെയ്ത അരി കൃത്യമായും തരുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും, അല്ലാത്ത പക്ഷം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നോ, പുറം രാജ്യങ്ങളിൽ നിന്നോ നേരിട്ട് അരി വാങ്ങാൻ കേരള ഗവൺമെന്റിന് അനുമതി നല്കണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. |
| 3. | 8.11.1968 | ശ്രീ. സി.ബി. ചന്ദ്രശേഖര വാര്യർ | **അരിയുടെ വിലവർദ്ധനവിന് പരിഹാരമായി സബ്സിഡി**<br>ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതു മുതൽ കേരളത്തിന് അനുവദിക്കപ്പെട്ട അരിയുടെ വിലയിൽ പലപ്പോഴായി വർദ്ധനവ് വന്ന തുക സബ്സിഡിയായി അനുവദിച്ചു തരണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 4. | 10.1.1969 | | **കുരുമുളക് കൃഷിക്ക് സംരക്ഷണം** |

| | | | |
|---|---|---|---|
| | | ശ്രീ. കെ. റ്റി. ജേക്കബ് | കേരളത്തിലെ പ്രധാനപ്പെട്ട നാണ്യവിളയായ കുരുമുളകിന്റെ വിലയിടിവുമൂലം കുരുമുളകു കൃഷിക്കാർക്ക് പ്രത്യേകിച്ചും കേരളത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് പൊതുവേയും നേരിട്ടിരിക്കുന്ന വിഷമസന്ധി തരണം ചെയ്യുന്നതിനായി കേന്ദ്ര വാണിജ്യവകുപ്പ് അടിയന്തിരമായി ഇന്നുള്ള എക്സ്പോർട്ട് ഡ്യൂട്ടി പിൻവലിച്ചും, കുരുമുളകിന്റെ ഇന്നത്തെ വിദേശവിപണന നയം പുന:പരിശോധിച്ചും കുരുമുളകു കൃഷിക്ക് കാര്യമായ സംരക്ഷണം നൽകണമെന്ന് കേരള അസംബ്ളിയുടെ ഈ സമ്മേളനം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 5. | 18.2.1969 | ശ്രീ. ടി. എം. മീതിയൻ | **അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം**<br>കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഗണിച്ച് നാലാം പഞ്ചവൽസര പദ്ധതിയിലെങ്കിലും വൻകിടയും ചെറുകിടയുമായ ഏതാനും വ്യവസായങ്ങൾ ആരംഭിക്കാൻ കേന്ദ്രഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു. |
| 6. | 22.8.1969 | ശ്രീ. എ. എസ്. പുരുഷോത്തമൻ | **കടലാക്രമണപ്രതിരോധത്തിന് മാസ്റ്റർ പ്ലാൻ**<br>300-ൽപ്പരം മൈൽ ദൈർഘ്യം വരുന്ന കേരളത്തിന്റെ തീരപ്രദേശത്തെ കടലാക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് സംസ്ഥാനത്തിന് കഴിയുന്നില്ലെന്ന വസ്തുത പരിഗണിച്ച് കടലാക്രമണ പ്രതിരോധത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തണമെന്നും ഇതിന്റെ മുഴുവൻ ചെലവും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് ഗ്രാന്റായി നൽകണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 7. | 3.10.1969 | ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ | **ആരോഗ്യമന്ത്രിയ്ക്കെതിരെയുള്ള ആരോപണം അന്വേഷിക്കുവാൻ എൻക്വയറി കമ്മീഷൻ**<br>ആരോഗ്യമന്ത്രി ശ്രീ. ബി. വെല്ലിങ്ടണെതിരായിട്ടുള്ള, നിയമസഭയിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്താൻ 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് ഒരു ഹൈക്കോടതി |

ജഡ്ജിയേയോ റിട്ടേർഡ് ഹൈക്കോടതി ജഡ്ജിയേയോ എൻക്വയറി കമ്മീഷനായി 18.10.1969-നകം നിയമിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

8. 23.1.1969 ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി

**ഭൂപരിഷ്കരണനിയമം 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണം**

1969-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ കോടതികളിൽ ചോദ്യം ചെയ്യപ്പെടാതിരിക്കുന്നതിന് പ്രസ്തുത നിയമം ഇൻഡ്യൻ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

## നാലാം കേരള നിയമസഭ

9. 6.11.1970 ശ്രീ. പി. കുഞ്ഞൻ

**വിവിധ നിയമങ്ങളുടെ പരിരക്ഷക്കായി ഭരണഘടനയിൽ ഭേദഗതി വരുത്തുക**

കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമത്തിന്റെ ചില വ്യവസ്ഥകൾ കേരള ഹൈക്കോടതിയും, കേരള സർവ്വകലാശാല നിയമത്തിന്റെ ചില വ്യവസ്ഥകൾ സുപ്രീംകോടതിയും ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചിരിക്കുന്നതിനാൽ ടി വ്യവസ്ഥകൾക്ക് നിയമസാധുത നല്കുന്നതിന് പര്യാപ്തമായ നിലയിലും സാമൂഹ്യ പരിവർത്തനങ്ങൾ നിയമനിർമ്മാണം മൂലം നടപ്പിൽ വരുത്തുന്നതിനുള്ള പ്രതിബന്ധങ്ങൾ നീക്കത്തക്കവിധവും സ്വകാര്യ സ്വത്തവകാശത്തിന്റെ കാര്യത്തിലും ഭൂപരിഷ്കരണത്തിന്റെ കാര്യത്തിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക സംരക്ഷണത്തിന്റെ കാര്യത്തിലും പുരോഗമന പരമായ പരിവർത്തനങ്ങൾ ത്വരിത പ്പെടുത്തുന്നതിന് ഉതകത്തക്ക വിധവും ഇൻഡ്യൻ ഭരണഘടനയ്ക്ക് ഭേദഗതി വരുത്തുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

10. 13.11.1970 ശ്രീ. എ. സി. ഷൺമുഖദാസ്

**നഗരപ്രദേശത്തെ സ്വത്തുക്കൾക്ക് കൈവശാവകാശ പരിധി നിശ്ചയിക്കുവാൻ നടപടി**

| | | | |
|---|---|---|---|
| | | | കേരളത്തിലെ നഗര സ്വത്തുക്കളിൻമേൽ പരിധി ഏർപ്പെടുത്തുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 11. | 13.11.1970 | ശ്രീ. എ. കെ. ആന്റണി | **<u>ഉദ്യോഗാർത്ഥികൾക്ക് അപേക്ഷാഫീസ് സൗജന്യമാക്കുക</u>**<br>ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷാഫീസ് ഈടാക്കുന്ന സമ്പ്രദായം നിറുത്തലാക്കി തൊഴിൽരഹിതരായ യുവാക്കൾക്കും യുവതികൾക്കും ആശ്വാസം ഉണ്ടാക്കിക്കൊടുക്കുവാനുള്ള നടപടികൾ പരിഗണിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 12. | 26.3.1971 | ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള | **<u>പ്രായപൂർത്തി വോട്ടവകാശം</u>**<br>18 വയസ് പൂർത്തിയായ എല്ലാ ഇൻഡ്യൻ പൗരൻമാർക്കും വോട്ടവകാശം ലഭിക്കത്തക്ക വിധത്തിൽ ഇൻഡ്യൻ ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 13. | 2.4.1971 | ശ്രീ. ഉമ്മൻ ചാണ്ടി | **<u>സ്വകാര്യ കോളേജുകളിലെ ഫീസ്ഘടന ഏകീകരിക്കുക</u>**<br>സംസ്ഥാനത്തെ പ്രൈവറ്റ് കോളേജുകളിലെ ഫീസുകൾ ഏകീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാനഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 14. | 16.7.1971 | ശ്രീ. ഇ. ബാലാനന്ദൻ | **<u>മെയിന്റനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റി ആക്ട് റദ്ദാക്കുക</u>**<br>1971-ലെ മെയിന്റനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റി ആക്ട് റദ്ദാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 15. | 16.7.1971 | ശ്രീ. എ. കെ. ആന്റണി | **<u>കയർ വ്യവസായ പുന:സംഘടനാ പദ്ധതി</u>**<br>കേരളത്തിലെ പത്തുലക്ഷത്തോളം വരുന്ന കയർ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കയർ വ്യവസായ പുന:സംഘടനാ പദ്ധതി അടിയന്തിരമായി നടപ്പാക്കണമെന്ന് ഈ സഭ |

| | | | |
|---|---|---|---|
| | | | സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 16. | 29.7.1971 | ശ്രീ. എ. എ. റഹിം | <u>**ബീഡി ആന്റ് സിഗാർ വർക്കേഴ്സ് ആക്ട്-റദ്ദാക്കപ്പെട്ട വകുപ്പുകൾ പുന:സ്ഥാപിക്കുക**</u><br>1966-ലെ ബീഡി ആന്റ് സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ്) ആക്ടിലെ (സെൻട്രൽ ആക്ട് 32 ഓഫ് 1966) ചില സുപ്രധാന വകുപ്പുകൾ ഹൈക്കോടതി റദ്ദാക്കിയിരിക്കുന്നതിനാൽ പ്രസ്തുത വകുപ്പുകൾ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 17. | 29.7.1971 | ശ്രീ. ടി. എ. മജീദ് | <u>**പൊതുമേഖലയിൽ പെട്രോ-കെമിക്കൽ കോംപ്ലക്സ്**</u><br>കൊച്ചിൻ ഓയിൽ റിഫൈനറിയിൽ നിന്നും കിട്ടുന്ന നാഫ്ത്ത ഉപയോഗിച്ച് കേരളത്തിൽ ഒരു പെട്രോ-കെമിക്കൽ കോംപ്ലക്സ് പൊതുമേഖലയിൽ ആരംഭിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 18 | 20.8.1971 | ശ്രീ. പി. രവീന്ദ്രൻ | <u>**കൈത്തറി-നെയ്ത്ത് മേഖലയിലെ സ്തംഭനാവസ്ഥക്ക് പരിഹാരം**</u><br>അഞ്ചുലക്ഷത്തോളം ജനങ്ങളുടെ ഉപജീവന മാർഗ്ഗമായ കേരളത്തിലെ കൈത്തറി നെയ്ത്ത് വ്യവസായത്തിന് നേരിട്ടിരിക്കുന്ന സ്തംഭനാവസ്ഥ പരിഹരിക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 19 | 3.3.1972 | ശ്രീ. ടി. എ. മജീദ് | <u>**ടെക്സ്റ്റയിൽ കോർപ്പറേഷൻ രൂപീകരണം**</u><br>പൂട്ടിക്കിടക്കുന്നതും പ്രവർത്തനമാന്ദ്യം നേരിട്ടിട്ടുള്ളതുമായ ടെക്സ്റ്റൈൽ മില്ലുകൾ ഏറ്റെടുത്തു നടത്താൻ ഒരു ടെക്സ്റ്റൈൽ കോർപ്പറേഷൻ രൂപീകരിക്കണമെന്ന് ഈ സഭ കേരള ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 20 | 24.3.1972 | ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള | <u>**പൊതുമേഖലയിൽ ടൈറ്റാനിയം കോംപ്ലക്സ്**</u><br>ചവറയിലെ ലോഹമണൽ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | പൊതുമേഖലയിൽ ഒരു ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെടുന്നു. |
| 21 | 24.3.1972 | ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ | **<u>വിവിധ നിയമങ്ങൾ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുക</u>**<br>കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) ആക്ട്, സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ആക്ട് എന്നീ ആക്ടുകൾ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 22 | 29.9.1972 | ശ്രീ. കെ. എം. മാണി | **<u>സൂപ്പർ ടാങ്കർ ബർത്തിന്റെ നിർമ്മാണം</u>**<br>കേരളത്തിൽ അനുവദിച്ചിട്ടുള്ള സൂപ്പർടാങ്കർ ബർത്തിന്റെ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥയിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ആയതിന്റെ പണി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 23 | 29.9.1972 | ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള | **<u>തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ സാറ്റലൈറ്റ് വിഭാഗം സ്ഥാപിക്കുക</u>**<br>തിരുവനന്തപുരത്തുള്ള തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന സാറ്റലൈറ്റ് വിഭാഗം മറ്റൊരിടത്തേക്ക് മാറ്റിക്കൊണ്ടുപോകാനുള്ള നീക്കത്തെ ഈ സഭ അത്യന്തം ഗൗരവത്തോടും ഉൽക്കണ്ഠയോടും വീക്ഷിക്കുകയും അതിനെതിരായി വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 24 | 20.10.1972 | ശ്രീ. എ. സി. ചാക്കോ | **<u>വിദൂരപ്രദേശങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുക</u>** |

വിദ്യാഭ്യാസ സൗകര്യങ്ങൾ താരതമ്യേന വളരെ കുറച്ചുമാത്രമുള്ള മലബാറിലെ കുടിയേറ്റ കോളനി പ്രദേശങ്ങളിലും കിഴക്കൻ മലയോര പ്രദേശങ്ങളിലും പ്രൈമറി വിദ്യാഭ്യാസത്തിനെങ്കിലുമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

25 27.10.1972 ശ്രീ. എ. പി. കുര്യൻ

**പൊതുമേഖലാസ്ഥാപനങ്ങളിലെ പ്രാദേശിക നിയമനങ്ങൾ**

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്ര പൊതു മേഖലാ സംസ്ഥാനങ്ങളിൽ പോലും അതാത് സംസ്ഥാനത്തുള്ളവരെ മാത്രമേ നിയമിക്കുവാൻ പാടുള്ളൂ എന്ന ദേശീയോദ്ഗ്രഥനത്തിനു കടക വിരുദ്ധമായ നിലപാട് വിവിധ സംസ്ഥാന ഗവൺമെന്റുകൾ എടുത്തിരിക്കുന്നതിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

26 15.6.1973 ശ്രീ. സി. വാസുദേവമേനോൻ

**ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുക**

അരിയും ഗോതമ്പും അടക്കം ഒരാൾക്ക് പ്രതിദിനം 12 ഔൺസ് എന്ന തോതിൽ ഭക്ഷ്യധാന്യം റേഷൻ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിനാവശ്യമായത്രയും അരിയും ഗോതമ്പും കൃത്യമായും ക്രമമായും സംസ്ഥാനത്തിനെത്തിച്ചുതരണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.

27 22.6.1973 ശ്രീ. എസ്. ദാമോദരൻ

**എറണാകുളം-ആലപ്പുഴ-കായംകുളം തീരദേശറെയിൽപ്പാത**

കേരളത്തിലെ തീരപ്രദേശത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ എറണാകുളം-ആലപ്പുഴ-കായംകുളം തീരദേശ റെയിൽവേയുടെ പണി അഞ്ചാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോടഭ്യർത്ഥിക്കുന്നു.

28 6.7.1973 ശ്രീ. പി. സിറിയക് ജോൺ

**പൊതുതോട്ടവിള വികസന കൗൺസിൽ രൂപീകരണനീക്കം പിൻവലിക്കുക**

മലഞ്ചരക്കുകൾ (സുഗന്ധദ്രവ്യങ്ങൾ), കശുവണ്ടി, നാളികേരം, അടയ്ക്ക എന്നിവയുടെ വികസനത്തിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രത്യേക വികസന കൗൺസിലുകൾ പിരിച്ചുവിട്ട് ഇവയ്ക്കെല്ലാം കൂടി ഒരു പൊതു പ്ലാന്റേഷൻ ക്രോപ്പ് വികസന കൗൺസിൽ രൂപീകരിച്ചാൽ മതിയെന്നുള്ള നാഷണൽ അഗ്രികൾച്ചർ കമ്മീഷന്റെ ശിപാർശ മേൽപ്പറഞ്ഞ കൃഷികളുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതു കൊണ്ട് നിലവിലുള്ള വികസന കൗൺസിലുകൾ അതേപടി നിലനിറുത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

29 8.2.1973 ശ്രീ. വർക്കി പൈനാടൻ

**കേന്ദ്രത്തിൽ നിന്നുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കുക**

സംസ്ഥാനത്തെ ഭക്ഷ്യധാന്യ റേഷൻ വിതരണത്തിൽ ഉണ്ടായിരിക്കുന്ന കുറവിനെ പരിഗണിച്ചും ഇൻഡ്യയൊട്ടാകെ മെച്ചപ്പെട്ട വിളവുണ്ടായിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തും കേരളത്തിൽ പ്രതിദിനം യൂണിറ്റ് ഒന്നിന് 6 ഔൺസ് അരിയും 6 ഔൺസ് ഗോതമ്പും നൽകാൻ ആവശ്യമായ ഭക്ഷ്യധാന്യം എത്തിച്ചു തരണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

## അഞ്ചാം കേരള നിയമസഭ

30 8.7.1977 ശ്രീ. എം. കെ. കൃഷ്ണൻ

**കേരോല്പന്നങ്ങളുടെ ഇറക്കുമതിനയം തിരുത്തുക**

വെളിച്ചെണ്ണയുടെയും കൊപ്രയുടെയും ഇറക്കുമതി വർദ്ധിപ്പിക്കുവാനും ഇറക്കുമതി തീരുവ വൻതോതിൽ കുറയ്ക്കുവാനും കേന്ദ്രഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം കേരളത്തിലെ കേര കർഷകരുടെ ജീവിതം തന്നെ തകർത്തു കളയുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ കൂടുതൽ തകരാറിലാക്കുന്നതുമാകയാൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രസ്തുത തീരുമാനം റദ്ദു ചെയ്യിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും അടിയന്തിരമായി സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

| | | | |
|---|---|---|---|
| 31 | 8.7.1977 | ശ്രീ. സി. എ. കുര്യൻ | **<u>നിർബന്ധിത നിക്ഷേപപദ്ധതി തുക മടക്കി നൽകുക</u>**<br>നിർബന്ധിത നിക്ഷേപ പദ്ധതി അനുസരിച്ച് ഗവൺമെന്റ് പിടിച്ചു വച്ച തുക അടിയന്തിരമായി തിരിച്ചു കൊടുക്കണമെന്ന് ഈ സഭ സംസ്ഥാന-കേന്ദ്രഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 32 | 8.7.1977 | ശ്രീ. കെ. പി. പ്രഭാകരൻ | **<u>ബോണസ് നിയമത്തിൽ ഭേദഗതി വരുത്തുക</u>**<br>ഏറ്റവും കുറഞ്ഞ ബോണസ് 8.33 ശതമാനമായി പുന:സ്ഥാപിക്കത്തക്കവിധം ബോണസ് നിയമത്തിൽ അടിയന്തിരമായ ഭേദഗതി വരുത്തണമെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു. |
| 33 | 10.2.1978 | ശ്രീ. പി. എസ്. ശ്രീവാസൻ | **<u>കയർ തടുക്ക നിർമ്മാണമേഖലയിലെ സ്വകാര്യവൽക്കരണ നീക്കം പിൻവലിക്കുക</u>**<br>കയർ തടുക്ക നിർമ്മാണം യന്ത്രവൽക്കരിക്കാനും കയറ്റുമതി ചെയ്യാനും കേന്ദ്ര ഗവൺമെന്റ് സ്വകാര്യ വ്യവസായികൾക്ക് ലൈസൻസ് നൽകിയത് കേരളത്തിലെ കയർ വ്യവസായത്തിൽ വമ്പിച്ച തൊഴിലില്ലായ്മയ്ക്കും ചെറുകിട ഉൽപാദകരുടെ തകർച്ചയ്ക്കും ഇടയാക്കുമെന്നുള്ളതുകൊണ്ട് പ്രസ്തുത ലൈസൻസ് ഉടനടി റദ്ദാക്കാൻ വേണ്ട നടപടികൾ എടുക്കണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 34 | 10.2.1978 | ശ്രീ. എം. വി. രാഘവൻ | **<u>തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുക</u>**<br>നീട്ടിവയ്ക്കപ്പെട്ട പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ കഴിയുന്നത്ര വേഗം നടത്തണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 35 | 10.2.1978 | ശ്രീ. ടി. എ. മജീദ് | **<u>യന്ത്രവൽകൃതമൽസ്യബന്ധനമേഖലയിലെ സ്വകാര്യവൽക്കരണ നീക്കം പിൻവലിക്കുക</u>**<br>യന്ത്രവൽക്കൃതമൽസ്യബന്ധനം സ്വകാര്യ വ്യവസായികളെ ഏൽപ്പിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം കേരളത്തിലെ ലക്ഷക്കണക്കിന് മൽസ്യത്തൊഴിലാളികളെ തൊഴിലില്ലായ്മയിലേക്കു തള്ളിവിടുകയും തീരപ്രദേശത്ത് ഗുരുതരമായ സാമ്പത്തിക തകർച്ച ഉണ്ടാക്കുകയും ചെയ്യുമെന്നുള്ള യാഥാർത്ഥ്യത്തെ പരിഗണിച്ച് |

| | | | |
|---|---|---|---|
| | | | കേന്ദ്രഗവൺമെന്റിന്റെ തീരുമാനം റദ്ദാക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുന്നു. |
| 36 | 24.2.1978 | ശ്രീ. കെ. കെ. കുമാരപിള്ള | **<u>കയറുൽപ്പന്നങ്ങളുടെ വിദേശവ്യാപാരം ദേശസാൽക്കരിക്കുവാൻ നടപടി സ്വീകരിക്കുക</u>**<br>കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിദേശവ്യാപാരം ഉടൻ ദേശസാൽക്കരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. |
| 37 | 3.3.1978 | ശ്രീ. പാട്യം ഗോപാലൻ | **<u>അധികാരവികേന്ദ്രീകരണത്തിന്റെ ഗുണഫലങ്ങൾ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുക</u>**<br>കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഒരഴിച്ചുപണി ആവശ്യമായതു കൊണ്ട് അധികാര വികേന്ദ്രീകരണം നടത്തി സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ധനാഗമനമാർഗ്ഗങ്ങളും നൽകുന്നതിനാവവശ്യമായ ഭരണഘടനാ മാറ്റങ്ങൾ വരുത്തണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് ശിപാർശ ചെയ്യുന്നു. |
| 38 | 7.7.1978 | ശ്രീ. എൻ. വാസുദേവൻപിള്ള | **<u>ഷാ-കമ്മീഷൻ റിപ്പോർട്ടിന് മേൽ നടപടി സ്വീകരിക്കുക</u>**<br>ഷാ കമ്മീഷൻ റിപ്പോർട്ടിൽ കുറ്റക്കാരെന്നു കണ്ടിട്ടുള്ളവരുടെ പേരിൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 39 | 28.7.1978 | ശ്രീ. പി. സീതി ഹാജി | **<u>സ്വാതന്ത്ര്യസമരസേനാനികൾക്ക് കേന്ദ്ര പെൻഷൻ അനുവദിക്കുക</u>**<br>ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കേരളത്തിൽ വിദേശാധിപത്യത്തിനെതിരായി പൊട്ടിപ്പുറപ്പെട്ട മലബാർ കലാപം എന്ന പേരിലറിയപ്പെടുന്ന സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർക്കും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ഇനിയും പെൻഷൻ കിട്ടാത്തവർക്കും പുന്നപ്ര വയലാർ സമരം, കരിവെള്ളൂർ, കാവുംപായി എന്നീ സമരങ്ങളിൽ പങ്കെടുത്തവർക്കും അവരുടെ ആശ്രിതർക്കും സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള കേന്ദ്രഗവൺമെന്റ് പെൻഷൻ നല്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |

| | | | |
|---|---|---|---|
| 40 | 23.2.1979 | ശ്രീ. എം. വി. രാഘവൻ | **കയർവ്യവസായ മേഖലയുടെ സംരക്ഷണത്തിനായി നടപടി സ്വീകരിക്കുക**<br>കയർവ്യവസായ രംഗത്ത് വ്യാപകമായി ത്തീർന്നിരിക്കുന്ന തൊഴിലില്ലായ്മയ്ക്കും കൂലി ക്കുറവിനും പരിഹാരം കാണുവാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സംസ്ഥാന ഗവൺമെന്റു കളോടാവശ്യപ്പെടുന്നു. |
| 41 | 2.3.1979 | ഡോ. കെ. സി. ജോസഫ് | **മലയോരകർഷകർക്ക് പട്ടയം**<br>കേരളത്തിലെ മലയോര പ്രദേശങ്ങളിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിച്ചു കൊണ്ടിരിക്കുന്ന അനേകം കൃഷിക്കാർക്ക് പട്ടയം ലഭിക്കാത്തതു മൂലം സഹകരണ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടം എടുക്കുന്നതിന് സാധിക്കാതെ വന്നിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പട്ടയം ലഭിക്കുവാൻ അർഹതയുള്ള എല്ലാ കൃഷിക്കാർക്കും പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് ശിപാർശ ചെയ്യുന്നു. |
| 42 | 30.3.1979 | ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി | **മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം**<br>മത ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള അവകാശങ്ങൾക്കും മതേതരത്വത്തിനുമെതിരായി ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ആക്രമണങ്ങളിൽ ഈ സഭയ്ക്കുള്ള ഉൽക്കണ്ഠ രേഖപ്പെടുത്തുകയും അത്തരം പ്രവർത്തനങ്ങൾക്കെതിരായി ശക്തമായ നടപടികൾ കൈക്കൊള്ളുണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 43 | 6.4.1979 | ശ്രീ. ചടയൻ ഗോവിന്ദൻ | **മംഗലാപുരം-തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കൽ**<br>മംഗലാപുരം-തിരുവനന്തപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കാനും അതോടൊപ്പം വൈദ്യുതീകരിക്കാനും അടിയന്തിര നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 44 | 28.9.1979 | ശ്രീ. ടി. കെ. അബ്ദു | **റബ്ബർ ഇറക്കുമതിക്കുള്ള സബ്സിഡി തീരുമാനം പിൻവലിക്കുക** കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കുന്ന, റബ്ബർ ഇറക്കുമതിക്ക് സബ്സിഡി നൽകുകയെന്ന കേന്ദ്ര തീരുമാനം റദ്ദു ചെയ്യണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെടുന്നു. |
| 45 | 28.9.1979 | ഡോ. ജോർജ് മാത്യു | **റബ്ബർ ഇറക്കുമതി നിറുത്തലാക്കുക** തുർച്ചയായി റബ്ബർ ഇറക്കുമതി ചെയ്ത് റബ്ബർ കർഷകരെ ദ്രോഹിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടിയിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും റബ്ബർ ഇറക്കുമതി ചെയ്യുന്ന നടപടി നിർത്തൽ ചെയ്യണം എന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |

## ആറാം കേരള നിയമസഭ

| | | | |
|---|---|---|---|
| 46 | 22.2.1980 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | **യു.എ.ഇ. സർക്കാരുമായുള്ള ചർച്ചകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുക** യു.എ.ഇ.-യിൽ പുതിയതായി കൊണ്ടുവന്നിട്ടുള്ള തൊഴിൽ നിയമം മൂലം അവിടെ കഴിയുന്ന മലയാളികൾക്കു നേരിടുന്ന വൈഷമ്യങ്ങൾ പരിഹരിക്കുവാൻ യു. എ. ഇ. ഗവൺമെന്റുമായി ഇൻഡ്യാ ഗവൺമെന്റ് നടത്തുന്ന എല്ലാ കൂടിയാലോചനകളിലും കേരളാ ഗവൺമെന്റിന്റെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഈ സഭ അഭ്യർത്ഥിക്കുന്നു. |
| 47 | 28.3.1980 | ശ്രീ. എൻ. പി. മൊയ്തീൻ | **മതന്യൂനപക്ഷങ്ങൾക്കും ഹരിജനങ്ങൾക്കുമെതിരെയുള്ള ആക്രമണങ്ങളിൽ പ്രതിഷേധം** ഇൻഡ്യയുടെ പല ഭാഗങ്ങളിലുമായി മതന്യൂന പക്ഷങ്ങൾക്കും ഹരിജനങ്ങൾക്കും എതിരായി നടക്കുന്ന ആക്രമണങ്ങളിൽ ഈ സഭ ആശങ്കയും പ്രതിഷേധവും പ്രകടിപ്പിക്കുന്നു. ഈ |

| | | | |
|---|---|---|---|
| | | | പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ പതിയണമെന്നഭ്യർത്ഥിക്കുന്നു. |
| 48 | 4.7.1980 | ശ്രീ. ഇ. കെ. പിള്ള | **രാസവളങ്ങളുടെ വിലവർദ്ധനവ് പിൻവലിക്കുക**<br><br>കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് എന്നിവമൂലം നിരന്തരമായി ക്ളേശമനുഭവിക്കുന്ന നമ്മുടെ നാട്ടിലെ കർഷകജനതയെ കൂടുതൽ ദുരിതത്തിലേക്ക് ആഴ്ത്തുമാറ് രാസവളങ്ങളുടെ വില ഭീമമായ തോതിൽ വർദ്ധിപ്പിച്ചുകൊണ്ടുള്ള കേന്ദ്രഗവൺമെന്റിന്റെ നടപടിയിൽ ഈ സഭയ്ക്കുള്ള അത്യഗാധമായ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ആ നടപടികൾ പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 49 | 4.7.1980 | ശ്രീ. വർക്കല രാധാകൃഷ്ണൻ | **കൊക്കോ, റബ്ബർ ഇറക്കുമതി ചെയ്യുവാനുള്ള തീരുമാനം പിൻവലിക്കുക**<br><br>കൊക്കോ, റബ്ബർ എന്നിവ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും പ്രസ്തുത തീരുമാനത്തിൽ നിന്നും ഉടൻ പിന്തിരിയണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 50 | 4.7.1980 | ശ്രീ. ജെ. ചിത്തരഞ്ജൻ | **കശുവണ്ടി ഇറക്കുമതി ചെയ്യുവാനുള്ള തീരുമാനം പിൻവലിക്കുക**<br><br>കശുവണ്ടി വ്യവസായശാലകൾക്ക് ആവശ്യമായ തോട്ടണ്ടിയുടെ വിതരണം ഗവൺമെന്റ് ഉടമയിലുള്ള വ്യാപാര സ്ഥാപനം മുഖേന നടത്തുന്നതിനു പകരം സ്വകാര്യ ഫാക്ടറി ഉടമകൾക്ക് കശുവണ്ടി ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയിരിക്കുന്നത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ ആരോഗ്യകരമായ നടത്തിപ്പിനേയും തൊഴിലാളി താൽപ്പര്യങ്ങളേയും ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനത്തിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും അത് പിൻവലിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| 51 | 11.7.1980 | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | **<u>പൊതു സംഭരണവിതരണ സംവിധാനം ശക്തിപ്പെടുത്തുക</u>**<br>കുതിച്ചു കയറിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില, റെയിൽവേ നിരക്കുകൾ എന്നിവ വർദ്ധിച്ചതിലൂടെയും പുതിയ എക്സൈസ് നികുതികൾ ചുമത്തിയതിലൂടെയും കൂടുതൽ വർദ്ധിപ്പിക്കാനിടയാക്കിയ കേന്ദ്ര ഗവൺമെന്റിന്റെ നടപടിയിൽ ഈ സഭ പ്രതിഷേധിക്കുകയും നിത്യോപയോഗ സാധനങ്ങൾ എങ്കിലും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭിക്കുവാൻ കഴിയുന്ന തരത്തിലുള്ള പൊതു സംഭരണ വിതരണ സംവിധാനം ഉണ്ടാക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 52 | 11.7.1980 | ശ്രീ. എൻ. പി. മൊയ്തീൻ | **<u>വിമാനത്താവള വികസനം ത്വരിതപ്പെടുത്തുക</u>**<br>തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളുടെ വികസനത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും കോഴിക്കോട് വിമാനത്താവളം എത്രയും വേഗം പൂർത്തിയാകത്തക്ക വിധത്തിൽ നിർമ്മാണം ആരംഭിക്കണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. |
| 53 | 18.7.1980 | ശ്രീ. തച്ചടി പ്രഭാകരൻ | **<u>മിനിമം കൂലി നിശ്ചയിക്കുക</u>**<br>കശുവണ്ടി, ബീഡി, കൈത്തറി, കയർ, മൽസ്യസംസ്കരണം എന്നീ വ്യവസായങ്ങളിൽ മേഖലാടിസ്ഥാനത്തിൽ മിനിമം കൂലി നിശ്ചയിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 54 | 18.7.1980 | ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി | **<u>കൈത്തറി മേഖലയെ സംരക്ഷിക്കുക</u>**<br>നൂലിന്റെ വിലക്കയറ്റം മൂലം തൊഴിലില്ലായ്മയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ഒന്നര ലക്ഷത്തിൽപ്പരം കൈത്തറി വ്യവസായത്തൊഴിലാളികളെ രക്ഷിക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |

| | | | |
|---|---|---|---|
| 55 | 25.7.1980 | ശ്രീ. കെ. മുഹമ്മദാലി | **സമഗ്രമായ ബോണസ് നിയമം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുക**<br>ബോണസ് മാറ്റിവയ്ക്കപ്പെട്ട വേതനം എന്ന തത്വം അംഗീകരിച്ചു കൊണ്ട് സമഗ്രമായ ഒരു ബോണസ് നിയമം കൊണ്ടുവരണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. |
| 56 | 25.7.1980 | ശ്രീ. കെ. കെ. ശ്രീനിവാസൻ | **വളം, കീടനാശിനി എന്നിവക്ക് വില സബ്സിഡി നൽകുക**<br>ഇന്നത്തെ വർദ്ധിച്ച കൃഷിച്ചെലവിനേയും കാർഷിക വിളകളുടെ വിലക്കുറവിനെയും പരിഗണിച്ച് കാർഷികാവശ്യങ്ങൾക്കുള്ള വളം, കീടനാശിനി മുതലായവയ്ക്ക് റബ്ബർ ബോർഡിൽ നിന്ന് റബ്ബർ കൃഷിക്കാർക്ക് നൽകുന്നതു പോലെ വിലയിൽ 50 ശതമാനം സബ്സിഡിയായി നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 57 | 12.12.1980 | ശ്രീ. പി. കെ. ചന്ദ്രാനന്ദൻ | **കയർ വ്യവസായ പുന:സംഘടന പദ്ധതിക്ക് സാമ്പത്തിക സഹായം**<br>കേരളത്തിലെ കയർ വ്യവസായ പുന:സംഘടനാ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം നൽകാതെ കയർ വ്യവസായത്തെ അവഗണിക്കുകയും കയർ വ്യവസായം ഈ സംസ്ഥാനത്തു നിന്ന് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റത്തക്ക സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്ന കേന്ദ്രഗവൺമെന്റിന്റെ നയത്തിൽ ഈ സഭ പ്രതിഷേധിക്കുകയും സംസ്ഥാനത്തെ കയർ വ്യവസായ പുന:സംഘടനാ പദ്ധതിയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം അടിയന്തിരമായി നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 58 | 12.12.1980 | ശ്രീ. എം. വി. രാജഗോപാലൻ | **കൈത്തറിമേഖലയെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുക**<br>നൂലിന്റെയും മറ്റും അമിതമായ വിലക്കയറ്റം, കൈത്തറി ഉൾപ്പന്നങ്ങൾക്ക് മാർക്കറ്റില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ കേരളത്തിലെ കൈത്തറി വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കും, തൽഫലമായി കൈത്തറിത്തൊഴിലാളികൾ രൂക്ഷമായ തൊഴിലില്ലായ്മയിലേയ്ക്കും എത്തിയിരിക്കുന്ന |

| | | | |
|---|---|---|---|
| | | | ഗുരുതരമായ സ്ഥിതിവിശേഷത്തിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും കൈത്തറി വ്യവസായത്തേയും കൈത്തറി തൊഴിലാളികളെയും സംരക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നു കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 59 | 6.3.1981 | ശ്രീ. എം. എം. ഹസ്സൻ | **കയർ വ്യവസായമേഖലയെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുക** <br> കോടിക്കണക്കിന് രൂപയുടെ കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നതുമൂലം കയർ വ്യവസായരംഗത്തുണ്ടായിട്ടുള്ള മാന്ദ്യവും തൊഴിലില്ലായ്മയും പരിഹരിക്കാൻ കേന്ദ്രസഹായം അടിയന്തിരമായി നൽകണമെന്നും തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കാൻ തൊണ്ടിന്റെ കുത്തക സംഭരണ വിതരണത്തിനുള്ള പൂർണ്ണ അധികാരം സംസ്ഥാന ഗവൺമെന്റിന് നൽകണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 60. | 27.3.1981 | ശ്രീ. സി. കെ. തങ്കപ്പൻ | **കേന്ദ്രസർവ്വീസിൽ കേരളീയരോടുള്ള വിവേചനം അവസാനിപ്പിക്കുക** <br> കേന്ദ്ര സർവ്വീസിലേക്കുള്ള ഉദ്യോഗ നിയമനത്തിൽ കേരളീയരെ ഒഴിച്ചു നിർത്തി വിവേചനം കാണിക്കുന്ന കേന്ദ്ര സർക്കാരിന്റെ വെരിഫിക്കേഷൻ നയത്തിൽ ഈ സഭ പ്രതിഷേധം രേഖപ്പെടുത്തുകയും ഈ നയം ഉപേക്ഷിക്കണമെന്നും ഉദ്യോഗ നിയമനത്തിൽ ഏറ്റവുമധികം തൊഴിലില്ലായ്മയുള്ള കേരളീയർക്ക് അർഹമായ പരിഗണന ഉറപ്പു വരുത്തണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 61. | 10.7.1981 | ശ്രീ. സി. ടി. കൃഷ്ണൻ | **റേഷൻവിഹിതം വർദ്ധിപ്പിക്കുക** <br> അരിയുടെ കാര്യത്തിൽ ഒരു കമ്മി സംസ്ഥാനമായ കേരളത്തിൽ 12 ഔൺസ് റേഷൻ വിതരണത്തിനാവശ്യമായ അരിയുടെ പകുതിപോലും ഒന്നര വർഷക്കാലമായി അനുവദിക്കാത്ത കേന്ദ്ര ഗവൺമെന്റിന്റെ നയത്തിൽ ഈ സഭ പ്രതിഷേധം രേഖപ്പെടുത്തുകയും 12 ഔൺസ് റേഷൻ വിതരണത്തിനാവശ്യമായ 1,94,000 (ഒരു |

| | | | |
|---|---|---|---|
| | | | ലക്ഷത്തി തൊണ്ണൂറ്റിനാലായിരം) ടൺ അരി കൃത്യമായി അനുവദിക്കുന്നതിനും അത് എത്തിക്കുന്നതിന് ആവശ്യമായ വാഗൺ സൗകര്യം അനുവദിക്കുന്നതിനും രണ്ടു മാസത്തേയ്ക്കാവശ്യമായ അരി കേരളത്തിലുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ഗോഡൗണുകളിൽ സ്റ്റോക്ക് ചെയ്യുന്നതിനും സത്വര നടപടികൾ കൈക്കൊള്ളണമെന്നു ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 62. | 17.7.1981 | ശ്രീ. സിറിയക് ജോൺ | **കൊക്കോ കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുക**<br><br>കേരളത്തിലെ കൊക്കോ കർഷകർ അനുഭവിക്കുന്ന ഗുരുതരമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 63. | 17.7.1981 | ശ്രീ. സി. എ. കുര്യൻ | **തേയില-ഏലം വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുക**<br><br>തേയില-ഏലം വ്യവസായങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ഈ സഭ അഭ്യർത്ഥിക്കുന്നു. |
| 64. | 14.8.1981 | ശ്രീ. എം. വി. രാഘവൻ | **മലയാളം ഔദ്യോഗികഭാഷയാക്കുന്നതിന് നടപടി സ്വീകരിക്കുക**<br><br>കോടതികളിലും നിയമനിർമ്മാണ സഭയിലും ഭരണരംഗത്തും ഔദ്യോഗിക ഭാഷ മലയാള-മാക്കുന്നതിനുള്ള തീരുമാനം പ്രാവർത്തി കമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 65. | 14.8.1981 | ശ്രീ. സി. ബി. സി. വാര്യർ | **എസ്സൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ഓർഡിനൻസ് പിൻവലിക്കുക**<br><br>എസ്സൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ഓർഡിനൻസ് തൊഴിലാളി വിരുദ്ധവും ജനാധിപത്യവിരുദ്ധവുമാകയാൽ പ്രസ്തുത ഓർഡിനൻസ് പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |

## ഏഴാം കേരളനിയമസഭ

| | | | |
|---|---|---|---|
| 66. | 11.3.1983 | ശ്രീ. കെ. കെ. തോമസ് | **ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി**<br>കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കു വേണ്ടി അയച്ചിട്ടുള്ള എല്ലാ ജല വൈദ്യുത പദ്ധതികൾക്കും എത്രയും വേഗം അനുമതി നല്കണമെന്നു ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 67. | 25.3.1983 | ഡോ. കെ. സി. ജോസഫ് | **വരൾച്ചബാധിത പ്രദേശങ്ങൾക്ക് കേന്ദ്രസഹായം**<br>കേരളത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളും വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിര ആശ്വാസ നടപടികൾക്കായി 202 കോടി രൂപ സംസ്ഥാനത്തിന് നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 68 | 24.6.1983 | ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ | **ഹിൽഹൈവേ നിർമ്മാണം**<br>മലയോര പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഹിൽഹൈവേയുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 69. | 1.7.1983 | ശ്രീ. കെ. കെ. ശ്രീനിവാസൻ | **എല്ലാ ഗ്രാമങ്ങളിലും ശുദ്ധജലം**<br>അടുത്ത ആറു മാസങ്ങൾക്കകം തന്നെ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ശുദ്ധജല-മെത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 70. | 2.12.1983 | ശ്രീ. ടി. കെ. അബ്ദു | **വനഭൂമിയിലെ കർഷകർക്ക് സ്ഥിരം പട്ടയം**<br>1.1.1977-നു മുൻപു സംസ്ഥാനത്തെ വനഭൂമിയിൽ കുടിയേറിപാർത്തു വരുന്ന കൃഷിക്കാർക്ക് സ്ഥിരം പട്ടയം നൽകണമെന്നും പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനും പട്ടയത്തിനർഹതപ്പെട്ടവരെ തീരുമാനിക്കുന്നതിനും നീതിപൂർവ്വവും പ്രായോഗികവുമായ ഒരു സംവിധാനം ഉണ്ടാക്കണമെന്നും അതുവരെ കാല ദൈർഘ്യത്തെ സംബന്ധിച്ച് തർക്കമുള്ള കേസ്സുകളിൽ തീരുമാനമാകുന്നതു വരെ വനഭൂമിയിൽ നിന്നുള്ള ഒഴിപ്പിക്കലുകൾ നിർത്തിവയ്ക്കണമെന്നും ഈ സഭ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. |
| 71. | 16.12.1983 | ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള | **കർഷകത്തൊഴിലാളി മിനിമം വേജസ്** |

| | | | |
|---|---|---|---|
| | | | കർഷക തൊഴിലാളി മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായെങ്കിലും അതിന്റെ ശിപാർശകൾ നടപ്പാക്കാത്തതിൽ ഈ സഭ ഉൽകണ്ഠ രേഖപ്പെടുത്തുന്നതോടൊപ്പം മിനിമം വേജസ് പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള പ്രഖ്യാപനം ഉടനടി നടത്തണമെന്ന് ഗവൺമെന്റിനോടഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 72. | 23.3.1984 | ശ്രീ. ഉമ്മൻചാണ്ടി | **<u>പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ</u>**<br>രാജ്യത്തിനു ഗണ്യമായ വിദേശ നാണ്യം നേടിത്തരുന്ന ഗൾഫിൽ ജോലി ചെയ്യുന്ന കേരളീയരിൽ നിന്ന് എയർ-ഇൻഡ്യ ഈടാക്കുന്ന അമിതമായ വിമാന യാത്രക്കൂലി കുറയ്ക്കുക, സ്വന്തം വീട്ടാവശ്യത്തിന് കൊണ്ടു വരുന്ന അയ്യായിരം രൂപ വരെ വിലയുള്ള സാധനങ്ങൾക്കു കസ്റ്റംസ് ഡ്യൂട്ടി ചുമത്താതിരിക്കുക, ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളിൽ കേരളീയരായ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുക തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 73. | 26.10.1984 | ശ്രീ. രമേശ് ചെന്നിത്തല | **<u>എറണാകുളം-കായംകുളം റെയിൽവേ ലൈൻ</u>**<br>തീരദേശ റയിൽവേയുടെ ഭാഗമായി എറണാകുളം-കായംകുളം റയിൽവേ ലൈനിന്റെ പണി എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. |
| 74. | 12.7.1985 | ശ്രീ. കെ. സി. ജോസഫ് | **<u>ഹിൽഹൈവേയുടെ നിർമ്മാണം</u>**<br>മലയോര മേഖലയിലെ യാത്രാ സൗകര്യത്തിനുള്ള അപര്യാപ്തത കണക്കി ലെടുത്ത് ഹിൽഹൈവേയുടെ പണി എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 75. | 19.7.1985 | ശ്രീ. എം. എം. ഹസ്സൻ | **<u>തിരുവനന്തപുരം വിമാനത്താവളം അന്തർദ്ദേശീയ തലത്തിൽ ഉയർത്താൻ നടപടി സ്വീകരിക്കുക</u>**<br>തിരുവനന്തപുരം വിമാനത്താവളം ഒരു അന്തർദേശീയ വിമാനത്താവളമാക്കി വികസിപ്പിക്കണമെന്നും വർദ്ധിച്ചു വരുന്ന |

| | | | |
|---|---|---|---|
| | | | യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുത്തും വിമാനത്താവളത്തിന് കൂടുതൽ സൗകര്യങ്ങൾ എത്രയും വേഗം ഏർപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 76. | 13.9.1985 | ശ്രീ. എ.കെ. പത്മനാഭൻ | **മലയോരകർഷകർക്ക് പട്ടയം**<br>കേരളത്തിലെ മലയോരകൃഷിക്കാരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോടാവശ്യപ്പെടുന്നു. |
| 77. | 17.9.1985 | ഡോ. കെ. സി. ജോസഫ് | **കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുക**<br>ഒരു പിന്നോക്ക പ്രദേശമായ കുട്ടനാടിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കു വേണ്ടി കുട്ടനാട് താലൂക്ക്, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, ചേർത്തല, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകളുടെ കുട്ടനാടൻ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു കുട്ടനാട് ഡവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന തിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 78. | 17.9.1985 | ശ്രീ. വി. ജെ. തങ്കപ്പൻ | **കൈത്തറി സഹകരണ സംഘങ്ങളുടെ കുടിശ്ശിക**<br>റിബേറ്റിനത്തിൽ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് നൽകേണ്ട മുഴുവൻ കുടിശ്ശികയും അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 79. | 24.10.1986 | ശ്രീ. സി.ടി. അഹമ്മദ് അലി | **സംസ്ഥാനതലത്തിൽ ദേശീയോദ്ഗ്രഥന സമിതി**<br>ദേശീയ ഐക്യവും സാമുദായിക സൗഹാർദ്ദവും കൂടുതൽ ശക്തിപ്പെടുത്തുവാൻ വേണ്ടി ദേശീയതലത്തിൽ ഇപ്പോൾ നിലവിലുള്ള ദേശീയോദ്ഗ്രഥന സമിതിയുടെ രീതിയിൽ സംസ്ഥാനതലത്തിലും ഒരു സമിതി രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ഈ സഭ അഭ്യർത്ഥിക്കുന്നു. |
| 80. | 7.11.1986 | ശ്രീ. കെ. രാഘവൻ മാസ്റ്റർ | **സംസ്ഥാന പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ**<br>നമ്മുടെ സംസ്ഥാനത്തെ പുതിയ ആശുപത്രി |

കെട്ടിടങ്ങൾ, കുഴൽ കിണറുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, സെൽഫ് എംപ്ലോയ്മെന്റ് പദ്ധതിയുടെ പരിധിയിൽ പെടുന്ന വൈദ്യുതി ആവശ്യമായി വരുന്ന സ്കീമുകൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

81. 14.11.1986 ശ്രീ. ജി. കാർത്തികേയൻ

**കായികവികസനത്തിന് സമഗ്രമായ സ്പോർട്സ് വികസന പദ്ധതി**

ഡൽഹി, ലോസ് ഏഞ്ചൽസ്, ജക്കാർത്ത, സോൾ എന്നീ സ്ഥലങ്ങളിൽ നടന്ന അന്താരാഷ്ട്ര കായിക മൽസരങ്ങളിൽ ഭാരതത്തിന്റെ അഭിമാനത്തെ കാത്തുസൂക്ഷിച്ച മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ കേരളത്തിലെ കായിക താരങ്ങൾക്ക് മാത്രമേ കഴിഞ്ഞിട്ടുള്ളൂവെന്നും കേരളത്തിലെ സ്പോർട്ട്സ് പരിശീലന സൗകര്യങ്ങൾ തീരെ അപര്യാപ്തവും പരിമിതവുമാണ് എന്നും പുത്തൻ പ്രതിഭകളെ കണ്ടു പിടിച്ച് കായികതാരങ്ങൾക്കാവശ്യമായ അന്താരാഷ്ട്ര നിലവാരമുള്ള അത്യാധുനിക പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട് എന്നും ഉള്ള കാര്യങ്ങൾ പരിഗണിച്ച് സമഗ്രമായ ഒരു സ്പോർട്സ് വികസന പദ്ധതി ആവിഷ്കരിക്കണമെന്ന് കേരള സർക്കാരിനോടും ഇതിന് സാമ്പത്തിക സഹായങ്ങൾ നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും ഈ സഭ ആവശ്യപ്പെടുന്നു

## എട്ടാം കേരളനിയമസഭ

82. 12.6.1987 ഡോ. കെ. സി. ജോസഫ്

**വരൾച്ചമൂലം കൃഷി നശിച്ച കർഷകർക്ക് ധനസഹായം**

ഈ വർഷം ഉണ്ടായ കടുത്ത വരൾച്ച മൂലം കൃഷി നശിച്ച കർഷകർക്ക് കൃഷിനാശം മൂലമുണ്ടായ നഷ്ടം നികത്തുന്നതിനു അർഹമായ സാമ്പത്തിക സഹായം നൽകണമെന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെന്റിൽ നിന്നും കൃഷിയാവശ്യത്തിനെടുത്തിട്ടുള്ള വായ്പകളിൽ മേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നും ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോടും ഇതിനായി ഉദാരമായ സാമ്പത്തിക സഹായം

നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

83. 17.7.1987 ശ്രീ. ഒ. ഭരതൻ

**കേന്ദ്രമൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക**

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളിലെ മൂലധന നിക്ഷേപം കഴിഞ്ഞ ഒരു ദശകത്തിലേറെ കാലമായി അനുക്രമം കുറഞ്ഞു കുറഞ്ഞു വരുന്നത് കേരളത്തിന്റെ വ്യവസായവൽക്കരണത്തെയും തൊഴിൽ സാധ്യതകളേയും സമഗ്രമായ പുരോഗതിയേയും ദോഷകരമായി ബാധിച്ചിരിക്കുന്ന വസ്തുത കണക്കിലെടുത്ത് കേരളത്തിലേക്ക് കൂടുതൽ മുതൽ മുടക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

84 17.7.1987 ശ്രീ. ആർ. ഉണ്ണിക്കൃഷ്ണപിള്ള

**എഫ്.സി.ഐ.യിൽ നിന്നും ധാന്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുക**

കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ അധീനതയിലുള്ള ഭക്ഷ്യ ധാന്യ കരുതൽ സ്റ്റോക്കിൽ നിന്നും പത്തു കോടി രൂപയുടെ ധാന്യങ്ങൾ അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

85 17.7.1987 പ്രൊഫ. എം. കെ. സാനു

**താപവൈദ്യുത നിലയങ്ങൾ**

കേരളത്തിലെ വിദ്യുച്ഛക്തിക്ഷാമം പരിഹരിക്കാനും, വ്യവസായവൽക്കരണം ത്വരിതപ്പെടുത്താനും സഹായകമായി സംസ്ഥാനത്തെ മൂന്നിടങ്ങളിൽ താപവൈദ്യുത നിലയങ്ങൾ സ്ഥാപിക്കാൻ അടിയന്തിരമായി അനുവാദവും സാങ്കേതികവും സാമ്പത്തികവുമായ സഹായവും നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

86. 14.8.1987 ശ്രീ. ഗോപി കോട്ടമുറിക്കൽ

**തൊഴിൽ മൗലികാവകാശമാക്കാൻ നടപടി സ്വീകരിക്കുക**

തൊഴിൽ ലഭിക്കാനുള്ള അവകാശം മൗലികാവകാശമായി അംഗീകരിക്കാൻ ആവശ്യമായ നിയമനടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

87. 20.11.1987 ശ്രീ. എസ്. ശർമ്മ

**മലബാർ മേഖലയിലെ റെയിൽവേ വികസനം**

തലശ്ശേരി-മൈസൂർ റെയിൽവേ ലൈനിന്റെ

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനും തൃശ്ശൂർ-ഗുരുവായൂർ റെയിൽവേ ലൈൻ കുറ്റിപ്പുറം വരെ നീട്ടുന്നതിനും നിലമ്പൂർ-ചാമരാജ് നഗർ റെയിൽവേ ലൈനിനു വേണ്ടി സർവ്വേ നടത്തുന്നതിനും കേരളത്തിലെ തീവണ്ടി പാതകളെല്ലാം ഇരട്ടിപ്പിക്കുന്നതിനും നിർത്തിവയ്ക്കപ്പെട്ട മംഗളാ എക്സ്പ്രസ്സ്, ഹിമസാഗർ എക്സ്പ്രസ്സ് എന്നീ തീവണ്ടികൾ പുനരാരംഭിക്കുന്നതിനും മലബാർ പ്രദേശത്ത് കൂടുതൽ തീവണ്ടികൾ ഓടിക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 88. | 20.11.1987 | ശ്രീ. എ. എം. പരമൻ | **കേന്ദ്രസർക്കാരിലേക്കുള്ള തിരിച്ചടവിന് മോറട്ടോറിയം**<br><br>കേരളം ഇന്നനുഭവിക്കുന്ന കടുത്ത വരൾച്ചയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിലേക്ക് അടച്ചു തീർക്കാൻ ബാക്കിയുള്ള സംഖ്യയ്ക്കും പലിശയ്ക്കും മോറട്ടോറിയം പ്രഖ്യാപിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 89. | 27.11.1987 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | **മാവൂർ ഗ്വാളിയോർ റയോൺസ് തുറക്കാൻ നടപടി**<br><br>മലബാർ പ്രദേശത്തെ ഏറ്റവും വലിയ വ്യവസായശാലയായ മാവൂർ ഗ്വാളിയോർ റയോൺസ്, മുൻ ഗവൺമെന്റ് നിരവധി കൂടിയാലോചന നടത്തിയെങ്കിലും തുറന്നു പ്രവർത്തിക്കുവാൻ കഴിയാതെ കഴിഞ്ഞ രണ്ടര വർഷമായി പൂട്ടിക്കിടക്കുന്നതു മൂലം ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലായതിനാൽ ഈ കമ്പനി ഏറ്റെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഈ സഭ അഭ്യർത്ഥിക്കുന്നു. |
| 90. | 22.4.1988 | ശ്രീ. നിക്കോളസ് റോഡ്രിഗ്സ് | **തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**<br><br>തൊഴിലില്ലായ്മ അതിരൂക്ഷമായി വളർന്നുകൊണ്ടിരിക്കുന്ന ഭാരതത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം 1987 ജനുവരിയിലെ കണക്കനുസരിച്ച് 305 |

ലക്ഷവും വിവിധ അനൗദ്യോഗിക ഏജൻസികളുടെ റിപ്പോർട്ടുകൾ അനുസരിച്ച് 10 കോടിയിലധികവുമാണെന്ന വസ്തുത പരിഗണിച്ച് വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുന്നതു വരെ തൊഴിലില്ലായ്മ വേതനം നൽകുക എന്നത് ദേശീയ നയമായി അംഗീകരിക്കണമെന്നും ഈ സഭ കേന്ദ്ര ഗവൺമന്റിനോട് അഭ്യർത്ഥിക്കുന്നു.

91. 24.6.1988 ശ്രീ. ബി. രാഘവൻ

**ദോഷകരമായ ഇറക്കുമതി നയം**

സ്വാഭാവിക റബ്ബർ, റബ്ബർ ഉൽപ്പന്നങ്ങൾ, കയർ, കയറുൽപ്പന്നങ്ങൾ, കയർ യന്ത്രങ്ങൾ, കൊപ്ര, വെളിച്ചെണ്ണ തുടങ്ങിയവ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുകയും കാർഷിക മേഖലയെ താറുമാറാക്കുകയും ചെയ്യുമെന്നതു കൊണ്ട് പ്രസ്തുത ഇറക്കുമതി നയം തിരുത്തണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

92. 8.7.1988 ശ്രീ. ഗോപി കോട്ടമുറിക്കൽ

**റേഷൻവിഹിതം വർദ്ധിപ്പിക്കാൻ നടപടി**

കേരളത്തിനു നൽകുന്ന അരിയുടെ പ്രതിമാസ അലോട്ട്മെന്റ് 220 ഗ്രാം വച്ച് കൊടുക്കാൻ ആവശ്യമായ 160,000 ടണ്ണും , ഓണക്കാലത്ത് മുൻവർഷങ്ങളിലെപ്പോലെ ഒരു സ്പെഷ്യൽ അലോട്ട്മെന്റും അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു.

93. 8.7.1988 ശ്രീ. സി.പി. നാരായണൻ

**ഊർജ്ജിത ഭക്ഷ്യോൽപ്പാദന പദ്ധതി**

ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനങ്ങൾക്കു സഹായം നൽകുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ ഊർജ്ജിത ഭക്ഷ്യോൽപാദന പദ്ധതിയിലും പത്തുലക്ഷം കുഴൽക്കിണറുകളും പമ്പു സെറ്റുകളും നൽകുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പരിപാടിയിലും കേരളത്തെ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

94. 22.7.1988 ശ്രീ. ഇ. അഹമ്മദ്

**കോഴിക്കോട് വിമാനത്താവള വികസനം**

ദക്ഷിണേന്ത്യയിലെ വിമാനത്താവളങ്ങളിൽ

വളരെയേറെ പ്രാധാന്യമർഹിക്കുന്ന കോഴിക്കോട് വിമാനത്താവളത്തിൽ എയർബസ് പോലെയുള്ള വിമാനങ്ങൾ ഇറക്കാനുള്ള സാങ്കേതിക സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്നും മദ്രാസ്, ബാംഗ്ളൂർ, മംഗലാപുരം, കൊച്ചി, തിരുവനന്തപുരം, കോയമ്പത്തൂർ എന്നീ വിമാനത്താവളങ്ങളെ കോഴിക്കോട് വിമാനത്താവളവുമായി ബന്ധിപ്പിച്ച് ഇൻഡ്യൻ എയർലൈൻസ്, വായുദൂത് വിമാന സർവ്വീസ്, ഏർപ്പെടുത്തണമെന്നും, ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വലിയൊരു വിഭാഗം യാത്രക്കാർ ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ട് കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് എയർ ഇൻഡ്യാ വിമാനസർവ്വീസ് ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

95. 16.6.1989 പ്രൊഫ. എം. കെ. സാനു

**ജവഹർ റോസ്ഗാർ യോജന**

എൻ.ആർ.ഇ.പി, ആർ. എൽ.ഇ.ജി.പി. എന്നീ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പുതുയതായി ആവിഷ്കരിച്ചിട്ടുള്ള ജവഹർ റോസ്ഗാർ യോജന എന്ന പദ്ധതിയിൽ കേരളത്തിനു അനുവദിച്ച തുക സംസ്ഥാനത്തിന് ലഭിക്കേണ്ട യഥാർത്ഥ വിഹിതത്തിൽ നിന്നും വളരെ കുറവാകത്തക്കവണ്ണം അനുവർത്തിച്ചിട്ടുള്ള സമീപനത്തിൽ നിന്നും കേന്ദ്രഗവൺമെന്റ് പിന്മാറണമെന്നും പദ്ധതിപ്രകാരം കേരളത്തിനർഹമായ മുഴുവൻ തുകയും ലഭ്യമാക്കണമെന്നും ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

96. 23.6.1989 ശ്രീ. സത്യൻ മൊകേരി

**നാളികേരത്തിന് താങ്ങുവില**

നാളികേരത്തിന്റെയും കൊപ്രയുടെയും വിലയിടിവു മൂലം ദുരിതമനുഭവിക്കുന്ന മുപ്പതു ലക്ഷത്തോളം വരുന്ന കേരളത്തിലെ കേരകർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകാത്ത തരത്തിൽ അവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് 1989 ജനുവരി 4-നു സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോടഭ്യർത്ഥിച്ചതനുസരിച്ച് അവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കാമെന്ന് കേന്ദ്ര കൃഷിമന്ത്രി നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കാത്തതിൽ ഈ സഭ

ഉൽക്കണ്ഠ പ്രകടിപ്പിക്കുകയും അവയ്ക്ക് അടിയന്തിരമായി താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റി നോടഭ്യർത്ഥിക്കുകയും ചെയ്യുന്നു.

97. 7.7.1989 ശ്രീ. പി. രവീന്ദ്രൻ

**അച്ചടിക്കടലാസ് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി**

ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ കടലാസിന്റെ വിലയിലടുത്ത കാലത്തുണ്ടായിട്ടുള്ള ഗണ്യമായ വർദ്ധനവുമൂലം പത്രക്കടലാസിനും മറ്റ് അച്ചടി ക്കടലാസിനുമുണ്ടായിട്ടുള്ള അമിതമായ വില വർദ്ധനവ് പത്രവ്യവസായത്തേയും പുസ്തകപ്രസിദ്ധീകരണ വ്യവസായത്തേയും ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നതിനാലും
സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിട്ടു നിൽക്കുന്ന കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഈ പ്രതിസന്ധി വിനാശകരമായ ഫലങ്ങളുളവാക്കുമെ ന്നതിനാലും ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ഉടനടി ഇടപെടണമെന്നും ന്യായവിലയ്ക്ക് ആവശ്യമായ അളവിൽ അച്ചടിക്കടലാസ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരി ക്കണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

98. 4.8.1989 ശ്രീ. കെ. ജെ. തോമസ്

**ദുരിതാശ്വാസനടപടികൾക്ക് കേന്ദ്രസഹായം**

ഈ വർഷത്തെ അതിരൂക്ഷമായ പേമാരിയും ഉരുൾപൊട്ടലും കൊടുങ്കാറ്റും വെള്ളപ്പൊക്കവും മൂലം സംസ്ഥാനത്ത് എഴുപതിൽ അധികം പേർ മരണമടയുകയും നിരവധിപേർക്ക് പരിക്കുപറ്റുകയും ആയിരക്കണക്കിന് വീടുകളും സ്ഥാപനങ്ങളും തകർന്ന് തരിപ്പണമാകുകയും കാർഷികമേഖല ആകെ നശിക്കുകയും ചെയ്തതു വഴി പ്രാഥമിക കണക്കനുസരിച്ച് തന്നെ 520 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിരിക്കു കയാൽ അടിയന്തിര ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട 349.84 കോടി രൂപ അനുവദിക്കണമെന്നും മുൻകൂറായി 100 കോടി രൂപ ഉടൻ ലഭ്യമാക്കണമെന്നും ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

99. 9.6.1990 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി**

കേരള സംസ്ഥാനത്തിന്റെ വ്യവസായ വൽക്കരണത്തിന്റെ ഭാഗമായി കേരളത്തിലെ കേന്ദ്ര നിക്ഷേപം അർഹമായ തോതിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തേണ്ട നിക്ഷേപം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ശിപാർശ ചെയ്തിരിക്കുന്ന പദ്ധതികൾ എട്ടാം പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തണമെന്നും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും പുരോഗതിക്കും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

100. 8.6.1990 ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

**വൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭ്യമാക്കാൻ നടപടി**

കേരളത്തിന്റെ വൈദ്യുതി ലഭ്യത ഇപ്പോൾ അപര്യാപ്തമായിരിക്കുകയും 1994-95 ആകുമ്പോഴേയ്ക്കും കടുത്ത വൈദ്യുതിക്ഷാമം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള പൂയംകുട്ടി, കുരിയാർകുട്ടി, കാരപ്പാറ, ആതിരപ്പള്ളി തുടങ്ങിയ ജലവൈദ്യുത പദ്ധതികൾക്കും, തൃക്കരിപ്പൂർ കോൾ തെർമൽ പ്രോജക്ട്, വൈപ്പിൻ നാച്വറൽ ഗ്യാസ് പ്രോജക്ട് എന്നിവയ്ക്കും അനുമതി നൽകണമെന്നും വൈദ്യുതി പ്രശ്നത്തിൽ അടിയന്തിര പരിഹാരം ഉണ്ടാക്കുവാൻ ബ്രഹ്മപുരം, വടകര, കാസർകോട് എന്നീ ഡീസൽ എൽ.എസ്.എച്ച്.എസ്. പ്രോജക്ടുകൾ ഉടനടി നടപ്പിൽ വരുത്തണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

101. 15.6.1990 ശ്രീ. എ. കണാരൻ

**നാളികേരത്തെ എണ്ണക്കുരുവായി പ്രഖ്യാപിക്കുവാൻ നടപടി**

നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കണമെന്നും കൊപ്രയുടെ താങ്ങു വില ക്വിന്റലിന് 1600 രൂപ അപര്യാപ്തമാകയാൽ അത് വർദ്ധിപ്പിക്കണമെന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

102. 22.6.1990 ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ

**തൊഴിൽ മൗലികാവകാശമാക്കാൻ നടപടി**

തൊഴിലവകാശം മൗലികാവകാശമാക്കി ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന്

| | | | |
|---|---|---|---|
| | | | ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 103. | 22.6.1990 | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | **<u>കേരളത്തിന്റെ വിദേശനാണ്യ വരുമാനം</u>**<br>കയറ്റുമതി രംഗത്ത് കേരളം വഹിക്കുന്ന സുപ്രധാനമായ പങ്ക് കണക്കിലെടുത്ത് കയറ്റുമതിക്കാസ്പദമായ കാർഷിക വ്യാവസായിക മേഖലയുടെ വികസനത്തിന് വിദേശ നാണ്യ വരുമാനത്തിന്റെ അർഹമായ വിഹിതം ഈ സംസ്ഥാനത്തിന് ലഭ്യമാക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 104. | 22.6.1990 | ശ്രീ. എം. വിജയകുമാർ | **<u>സ്പെഷ്യൽ റിഫ്രാക്ടറീസ് ആരംഭിക്കാൻ നടപടി</u>**<br>ആയിരം പേർക്ക് നേരിട്ടും അതിലേറെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുള്ള സ്പെഷ്യൽ റിഫ്രാക്ടറീസ് ആരംഭിക്കുന്നതിന് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയെക്കൊണ്ട് ഷെയർ എടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 105. | 29.6.1990 | ശ്രീ. സി. പി. നാരായണൻ | **<u>പരമ്പരാഗത വ്യവസായങ്ങൾക്ക് ഏകീകൃത മിനിമം വേതനം</u>**<br>കശുവണ്ടി, ബീഡി, കൈത്തറി, ഓട് എന്നീ പരമ്പരാഗത വ്യവസായങ്ങൾക്ക് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു ഏകീകൃത മിനിമം വേതനം ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ നടപ്പിലാക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 106. | 20.07.1990 | ശ്രീ. കെ. ജെ. തോമസ് | **<u>ടൂറിസം കേന്ദ്രങ്ങളിലെ കേന്ദ്ര മുതൽമുടക്ക് വർദ്ധിപ്പിക്കാൻ നടപടി</u>**<br>നിത്യഹരിതവനങ്ങൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ, അതിവിശാലമായ കടലോരങ്ങൾ, കായലുകൾ, നദികൾ, വെള്ളച്ചാട്ടങ്ങൾ, മലനിരകൾ, ചരിത്ര സ്മൃതി ഉറങ്ങുന്ന സ്മാരക കേന്ദ്രങ്ങൾ തുടങ്ങിയവ കൊണ്ട് അനുഗ്രഹീതമായതും രാജ്യത്തിനകത്തും പുറത്തും ഉള്ള വിനോദസഞ്ചാരികളെ ഏറ്റവും |

കൂടുതൽ ആകർഷിച്ചു കൊണ്ടിരിക്കുന്നതും ആയ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധ്യതകൾ വികസിപ്പിക്കുന്നതിനും ഈ രംഗത്തെ കേന്ദ്ര മുതൽമുടക്ക് വർദ്ധിപ്പിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

107. 28.12.1990 ശ്രീ. വി. കേശവൻ

**റേഷനരിവിഹിതം വർദ്ധിപ്പിക്കാൻ നടപടി**

കേരളത്തിന് വി. പി. സിംഗ് സർക്കാർ അനുവദിച്ചിരിക്കുന്ന ഒരു ലക്ഷത്തി നാൽപത്തയ്യായിരം ടൺ റേഷനരി വിഹിതം ഉടനടി പുനഃസ്ഥാപിക്കണമെന്നും സംസ്ഥാന നിയമസഭ 1988 ജൂലായ് 8-ാംതീയതി ഏകകണ്ഠമായി പാസ്സാക്കിയിട്ടുള്ള പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ വിഹിതം ഒരു ലക്ഷത്തി അറുപതിനായിരം ടൺ ആയി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

108. 8.3.1991 ശ്രീമതി ലീലാ ദാമോദര മേനോൻ

**ഗൾഫ് യുദ്ധം മൂലമുണ്ടായ പ്രവാസികളുടെ പ്രശ്നങ്ങൾ**

ഗൾഫ് പ്രദേശത്തുണ്ടായ യുദ്ധത്തെ തുടർന്ന് അവിടെ നിന്ന് ജോലി ഉപേക്ഷിച്ച് പോരുവാൻ നിർബന്ധിതരായ കേരളീയർക്ക് തിരിച്ചുപോകുന്നതിനായി പാസ്പോർട്ട് സംബന്ധിച്ചുണ്ടായിട്ടുള്ള അനിശ്ചിതത്വം ഒഴിവാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നും അർഹരായവർക്ക് തിരിച്ചുപോകുവാൻ വേണ്ട സാമ്പത്തിക സഹായം നൽകണമെന്നും തിരിച്ചു പോകുവാൻ ആഗ്രഹമില്ലാത്തവരുടെ പുനരധിവാസത്തിന് ഉടനടി നടപടി കൈക്കൊള്ളണമെന്നും ഈ സഭ കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു.

109. 22.3.1991 ശ്രീ. സി. പി. നാരായണൻ

**ഊർജ്ജവ്യവസായമേഖല നേരിടുന്ന പ്രതിസന്ധി**

സംസ്ഥാനത്തെ ഊർജ്ജ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ദക്ഷിണ ഗ്യാസ് ഗ്രിഡ് സ്ഥാപിച്ച് ബോംബെ ഹൈയിൽ നിന്ന് പൈപ്പ്ലൈൻ വഴി പ്രകൃതി വാതകം കേരളത്തിലെത്തിക്കുന്നതിന് അടിയന്തിര

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 110. | 22.3.1991 | ശ്രീ. കെ. ജെ. തോമസ് | **<u>വനഭൂമികൈവശമുള്ളവരുടെ പട്ടയം</u>**<br>1.1.1977 – ന് മുൻപ് വനഭൂമി കൈവശം വച്ച് ദേഹണ്ഡങ്ങൾ ചെയ്ത് അനുഭവിച്ചു പോരുന്നവർക്ക് പട്ടയം നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |

## ഒൻപതാം കേരള നിയമസഭ

| | | | |
|---|---|---|---|
| 111. | 13.9.1991 | ശ്രീ. എ. പത്മകുമാർ | **<u>കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുക</u>**<br>സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര നിക്ഷേപം കുറഞ്ഞുവരുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തെയും തൊഴിൽ സാദ്ധ്യതയേയും ദോഷകരമായി ബാധിച്ചിരിക്കുന്ന സ്ഥിതി വിശേഷം കണക്കിലെടുത്ത് സംസ്ഥാനത്ത് കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു. |
| 112. | 27.9.1991 | ശ്രീ. കല്ലടി മുഹമ്മദ് | **<u>പൊതുമേഖലാബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപം</u>**<br>സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ സംസ്ഥാനത്തു നിന്ന് ഡെപ്പോസിറ്റിനത്തിൽ സമാഹരിക്കുന്ന കോടിക്കണക്കിന് രൂപയുടെ സിംഹഭാഗവും മറ്റു സംസ്ഥാനങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്തെ വ്യവസായ സംരംഭകർക്ക് ആവശ്യമായ മൂലധനം ലഭിക്കാതെ കേരളത്തിന്റെ വ്യവസായവൽക്കരണത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നത്തിന് ഉടനടി ഒരു പരിഹാരം കാണണമെന്ന് ഈ സഭ സംസ്ഥാന-കേന്ദ്ര സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു. |
| 113. | 27.9.1991 | ശ്രീ. തച്ചടി പ്രഭാകരൻ | **<u>കായംകുളം താപവൈദ്യുത നിലയം</u>**<br>കേരളത്തിലെ ജനങ്ങളുടെ ചിരകാലാഭിലാഷമായ കായംകുളത്തെ താപ വൈദ്യുതി നിലയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി |

അതിന്റെ പണി ഉടനെ ആരംഭിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

114. 27.9.1991 ശ്രീ. പാലോട് രവി

**റേഷൻവിഹിതം വർദ്ധിപ്പിക്കുക**

സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലവിലുള്ള കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര പൂളിൽ നിന്ന് പ്രതിമാസം ലഭിക്കുന്ന അരിയുടെ വിഹിതം 2,10,000 ടണ്ണായും, പാമോയിലിന്റെ വിഹിതം 10,000 ടണ്ണായും വർദ്ധിപ്പിച്ചു തരണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

115. 24.7.1992 ശ്രീ. എം. മുരളി

**പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക**

വിദേശ ഇന്ത്യാക്കാരുടെ സമ്പാദ്യം വൻതോതിൽ സമാഹരിച്ച് ഇന്ത്യയിൽ നിക്ഷേപിച്ച് ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് ഊന്നൽ നൽകുന്നതിന് തീവ്രശ്രമം നടക്കുന്ന ഈ സന്ദർഭത്തിൽ വിദേശ ഇന്ത്യക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി അവർക്ക് ലോകസഭാ-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം നൽകുന്നതിനും വിദേശത്തുള്ള തൊഴിൽ മതിയാക്കി മടങ്ങിഎത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനും, ഗൾഫ് മേഖലയിലേക്കുള്ള എയർ ഇന്ത്യയുടെ ടിക്കറ്റ് നിരക്കിനെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനും, വിദേശത്തുള്ള ഇന്ത്യാക്കാരുടെ മക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിനും വേണ്ട നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു.

116. 24.7.1992 ശ്രീ. ഇസ്ഹാക്ക് കുരിക്കൾ

**ഇന്ത്യൻ എംബസികളിൽ പ്രത്യേക സെൽ**

ലക്ഷക്കണക്കിന് മലയാളികൾ ജോലി ചെയ്യുന്ന ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക സെൽ രൂപീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| 117. | 24.7.1992 | ശ്രീ. ടി. കെ. ഹംസ | **<u>അയോദ്ധ്യാ വിഷയത്തിലെ കോടതി വിധി</u>**<br>അയോദ്ധ്യയിലെ തർക്ക ഭൂമി പ്രശ്നത്തിൽ കോടതി വിധി പൂർണ്ണമായും അടിയന്തിരമായും നടപ്പിലാക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 118. | 29.1.1993 | ശ്രീ. കെ. കെ. അബു | **<u>ലോകബാങ്ക് സഹായ പദ്ധതി</u>**<br>അനിതരസാധാരണമായ പ്രകൃതിക്ഷോഭം മൂലം അടുത്തടുത്തുണ്ടായ രണ്ട് വെള്ളപ്പൊക്കം കാരണം വളരെയധികം ദുരിതങ്ങളും, കെടുതികളും, യാതനകളും, നാശനഷ്ടങ്ങളും, ജീവഹാനിയും അനുഭവിക്കേണ്ടി വന്നതുകൊണ്ട് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടായ തിരിച്ചടിയ്ക്ക് പരിഹാരം കാണുന്നതിനായി കേരളം സമർപ്പിക്കുന്ന ലോകബാങ്ക് സഹായപദ്ധതി പൂർണ്ണമായും അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 119. | 9.7.1993 | ശ്രീ. ഇ. പി. ജയരാജൻ | **<u>ദക്ഷിണമേഖല ഗ്യാസ് ഗ്രിഡ് പദ്ധതി</u>**<br>ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്ക് ഗ്യാസ് നൽകുന്നതിനായി പുതിയ ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ സന്നദ്ധമായതുപോലെ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദക്ഷിണമേഖലാ ഗ്യാസ് ഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റി നോടഭ്യർത്ഥിക്കുന്നു. |
| 120 | 18.02.1994 | ശ്രീ. കെ. ബാബു | **<u>കേരളത്തിന് സെയിൽസ് ടാക്സ് ഇനത്തിൽ ഉണ്ടായിട്ടുള്ള റവന്യൂ നഷ്ട പരിഹാരം</u>**<br>1976 ।- ലെ കേന്ദ്ര വില്പന നികുതി ഭേദഗതി നിയമത്തെ തുടർന്ന് കേരളത്തിന് സെയിൽസ് ടാക്സ് ഇനത്തിൽ ഉണ്ടായിട്ടുള്ള റവന്യൂ നഷ്ടം പൂർവ്വകാല പ്രാബല്യത്തോടെ നികത്തിത്തരണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. |
| 121 | 8.07.1994 | ശ്രീ. വി. വി. രാഘവൻ | **<u>കാർഷിക ഉത്പന്നങ്ങൾക്ക് താങ്ങുവില</u>**<br>നാളികേരം ഉൾപ്പെടെയുള്ള കാർഷികോൽപന്നങ്ങൾക്ക് തുടർച്ചയായി വിലയിടിവ് ഉണ്ടായിക്കൊണ്ടിരിക്കുന്നതുമൂലം ദുരിതത്തിലേക്ക് തള്ളിവിടപ്പെട്ടിരിക്കുന്ന |

| | | | |
|---|---|---|---|
| | | | കൃഷിക്കാരെ സംരക്ഷിക്കുന്നതിന് നാളികേരം ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങൾക്ക് അടിയന്തിരമായ താങ്ങുവില പ്രഖ്യാപിച്ച് കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |
| 122 | 22.7.1994 | ശ്രീ. സി. എഫ്. തോമസ് | **എം.സി. റോഡുകൾ എൻ.എച്ച്. ആയി ഉയർത്തുക**<br>കേരളത്തിലെ പ്രധാനപ്പെട്ട പല പട്ടണങ്ങളേയും ബന്ധിപ്പിക്കുന്ന മെയിൻ സെൻട്രൽ റോഡ് നാഷണൽ ഹൈവേ ആയി ഉയർത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. |

## പത്താം കേരള നിയമസഭ

| | | | |
|---|---|---|---|
| 123 | 4.4.1997 | ശ്രീ. പി. രാഘവൻ | **വൈദ്യുതി പ്രതിസന്ധി**<br>സംസ്ഥാനം നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള വൈദ്യുത പദ്ധതികൾക്ക് എത്രയും പെട്ടെന്ന് അനുമതി നൽകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 124 | 4.4.1997 | ശ്രീ. എം. നാരായണൻ (കുഴൽമന്ദം) | **റെയിൽവേ വികസനത്തിലെ കേന്ദ്ര അവഗണന അവസാനിപ്പിക്കുക**<br>റെയിൽവേ വികസന കാര്യത്തിൽ കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നും റെയിൽപ്പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെ ഇന്നു നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ തുക അനുവദിക്കണമെന്നും ഈ സഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 125 | 19.12.1997 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | **പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി**<br>നടപ്പുവർഷം ഇറക്കുമതി ചുങ്കം 131 ശതമാനത്തിൽ നിന്ന് 40 ശതമാനമായി കുറച്ചതുമൂലം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ പ്രസ്തുത നടപടി |

| | | | |
|---|---|---|---|
| | | | പുനഃപരിശോധിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 126 | 19.12.1997 | ശ്രീ. കെ. സി. ജോസഫ് | **റബ്ബറിന്റെ വിലത്തകർച്ച നേരിടാൻ നടപടി സ്വീകരിക്കുക**<br>കേരള നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെട്ട പ്രകാരം റബ്ബറിന് കിലോഗ്രാമിന് 55 രൂപ തറ വില നിശ്ചയിക്കുവാനോ എസ്.റ്റി.സി മുഖേന നാൽപതിനായിരം ടൺ റബ്ബർ എങ്കിലും കയറ്റുമതി ചെയ്യാനോ ടയർ ഉൾപ്പെടെ റബ്ബറിന്റെ എല്ലാവിധ ഇറക്കുമതിയും ഒഴിവാക്കുവാനോ യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചു കാണാത്തതിൽ ഈ സഭ അതൃപ്തി രേഖപ്പെടുത്തുകയും അനുദിനം രൂക്ഷമായ വിലത്തകർച്ച നേരിടുന്ന റബ്ബറിന്റെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് അടിയന്തരമായി മാർക്കറ്റിൽ നിന്നും റബ്ബർ സംഭരിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നും ഇതിലേയ്ക്കായി അമ്പതു കോടി രൂപയെങ്കിലും ഉടനെ നീക്കി വയ്ക്കണമെന്നും സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. |
| 127 | 3.4.1998 | ശ്രീ. ജി. സുധാകരൻ | **വൈദ്യുതപദ്ധതികൾ പൂർത്തീകരിക്കുക**<br>വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതും യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതുമായ വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും, കേന്ദ്രഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ അനുമതിക്കായി കിടക്കുന്ന പദ്ധതികൾക്ക് എത്രയും പെട്ടെന്ന് അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു. |
| 128 | 3.4.1998 | ശ്രീ. ജോൺ ഫെർണാണ്ടസ് | **മുല്ലപ്പെരിയാർ ഡാം**<br>മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണശേഷി, 136 അടിയിൽ നിന്നും 152 അടിയായി ഉയർത്തണമെന്ന തമിഴ്നാട് മുൻ മുഖ്യമന്ത്രി കുമാരി ജയലളിതയുടെ ആവശ്യത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അനുകൂല നിലപാട് കേരളത്തിലെ ജനങ്ങളെ ഉത്കണ്ഠാകുലരാക്കുന്നതും സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും അപകടം വരുത്തുന്നതുമാണെന്നതിനാൽ പ്രസ്തുത നിർദ്ദേശം യാതൊരു കാരണവശാലും സംസ്ഥാനത്തിന് സ്വീകാര്യമല്ലെന്നും, ഇക്കാര്യത്തിൽ ഏകപക്ഷീയമായി എന്തെങ്കിലും തീരുമാനം കേന്ദ്രസർക്കാർ കൈക്കൊള്ളാൻ പാടില്ലെന്നും ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 129 | 17.7.1998 | ശ്രീ. ടി. കെ. ബാലൻ | **അയോദ്ധ്യയിലെ ക്ഷേത്ര നിർമ്മാണം**<br>അയോദ്ധ്യയിലെ തർക്കഭൂമിയിൽ ക്ഷേത്രം പണിയാനുള്ള നീക്കം ഇന്ത്യൻ ഭരണഘടനാ ലംഘനവും, മതേതരത്വത്തെ ഇല്ലാതാക്കുന്നതും നീതിന്യായ പീഠങ്ങളോടുള്ള വെല്ലുവിളിയുമാണെന്നതിനാൽ തർക്കഭൂമിയിൽ ക്ഷേത്രം പണിയാനുള്ള ശ്രമങ്ങളെ ഈ സഭ ശക്തിയായി അപലപിക്കുകയും, പ്രസ്തുത ശ്രമങ്ങളിൽ നിന്നും ബന്ധപ്പെട്ടവരെ പിന്തിരിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും സുപ്രീം കോടതിയുടെ അന്തിമ തീരുമാനം വരെ തർക്കഭൂമിയിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുവാൻ പാടില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. |
| 130 | 17.7.1998 | ശ്രീ. സെബാസ്റ്റ്യൻ പോൾ | **മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം**<br>ക്രൈസ്തവ ദേവാലയങ്ങളിൽ വീഞ്ഞു ഉപയോഗിക്കുന്നുവെന്ന കാരണത്താൽ ആരാധനാലയങ്ങളുടെ പട്ടികയിൽനിന്നും പ്രസ്തുത ദേവാലയങ്ങളെ ഒഴിവാക്കുവാനുള്ള ദൽഹി ഗവൺമെന്റിന്റെ നീക്കത്തിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും ക്രൈസ്തവരുടെയും മതന്യൂന പക്ഷങ്ങളുടെയും നേരെ നടക്കുന്ന അതിക്രമങ്ങളിലും ഈ സഭയ്ക്കുള്ള ഉത്ക്കണ്ഠ രേഖപ്പെടുത്തുന്നതിനോടൊപ്പം ഈ നിലപാടിൽ നിന്ന് ഡൽഹി ഗവൺമെന്റിനെ പിന്തിരിപ്പിക്കുവാനും മതന്യൂനപക്ഷങ്ങൾക്ക് ആവശ്യമായ സംരക്ഷണം നൽകാൻ സംസ്ഥാന ഗവൺമെന്റുകളെ പ്രേരിപ്പിക്കുവാനും |

നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

131 5.2.1999 ശ്രീ. പി. എസ്. സുപാൽ

**റെയിൽവേ വികസനത്തിലെ കേന്ദ്ര അവഗണന**

കേരളത്തിലെ റെയിൽവേ വികസന കാര്യത്തിൽ നിരന്തരമായ അവഗണനയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് പുതിയ ട്രെയിനുകൾ അനുവദിക്കുന്നില്ല. എന്നുമാത്രമല്ല, ശബരി റെയിൽപ്പാതയുടെ പണി പുനരാരംഭിക്കുന്നതും മന്ദഗതിയിലായ കൊല്ലം തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ ജോലികൾ നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനും കൊല്ലം-ചെങ്കോട്ട പാത ബ്രോഡ്ഗേജ് ആക്കുന്നതിനും ആവശ്യമായ നടപടികൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല. റെയിൽവേ ലൈൻ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യത്തിലും കടുത്ത അവഗണനയാണ്. റെയിൽവേ വികസന കാര്യത്തിൽ സംസ്ഥാനത്തോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.

132 5.2.1999 ശ്രീ.എം.നാരായണൻ (കുഴൽമന്ദം)

**ഇന്ത്യാ-ശ്രീലങ്ക വ്യാപാര ഉടമ്പടി**

ഇന്ത്യയും ശ്രീലങ്കയും തമ്മിലുണ്ടാക്കിയിട്ടുള്ള വ്യാപാര ഉടമ്പടിയിലെ ദോഷവശങ്ങൾ നീക്കം ചെയ്യണമെന്നും ഉടമ്പടിയിലൂടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ തകർക്കുന്ന നാളികേരം, റബ്ബർ, തേയില, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയുടെ ഇറക്കുമതി ഒഴിവാക്കണമെന്നും ഇന്ത്യ – ശ്രീലങ്ക കരാറിൽ സംസ്ഥാനത്തിനുണ്ടാകുന്ന ദോഷഫലങ്ങൾ വിലയിരുത്തി സ്വതന്ത്ര കയറ്റിറക്കുമതി ഉടമ്പടിയിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു.

133 5.2.1999 ശ്രീ. എളമരം കരീം

**എക്സ്പ്രസ് ഹൈവേ നിർമ്മാണം**

കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ നിർമ്മാണ പദ്ധതിയിൽ കേരളത്തെ ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണമെന്നും കേന്ദ്രം

കേരളത്തോട് കാട്ടിയ അവഗണന അവസാനിപ്പിച്ച് ഹൈവേ നിർമ്മാണ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തണമെന്നും ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

134 2.7.1999 ശ്രീമതി ആർ. ലതാദേവി

**തിരുവനന്തപുരം വിമാനത്താവളത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുക**

തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളം ആയി പ്രഖ്യാപിച്ചിട്ട് എട്ടു വർഷം തികഞ്ഞു. പ്രതിവർഷം എട്ടു ലക്ഷത്തോളം യാത്രക്കാർ വന്നിറങ്ങുന്ന ഇവിടെ പ്രാഥമിക സൗകര്യങ്ങൾ പോലും ഒരുക്കാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. ഇവിടത്തെ അന്താരാഷ്ട്ര ടെർമിനലിന് പരിമിതികൾ ഏറെയാണ്. ശുദ്ധജല വിതരണ സംവിധാനം പോലും പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല. യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ അനുദിനം കൂടി വരികയാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന വിമാനത്താവളമാക്കി മാറ്റാം എന്ന കേന്ദ്ര ഏവിയേഷൻ വകുപ്പിന്റെ ഉറപ്പുപോലും പാലിച്ചിട്ടില്ല. അന്താരാഷ്ട്ര വിമാനത്താവളമായുള്ള പ്രഖ്യാപനത്തിനു ശേഷം മാറി മാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ ഇക്കാര്യത്തിൽ യാതൊരു താൽപര്യവും എടുത്തിട്ടില്ല. തിരുവനന്തപുരത്തു വന്നു പോകുന്ന നിരവധി വിമാന സർവ്വീസുകൾ എയർ ബസ്സടക്കം റദ്ദാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും ഇപ്പോൾ കാട്ടുന്ന താൽപര്യമില്ലായ്മ അവസാനിപ്പിച്ച് തിരുവനന്തപുരം അന്താരാഷ്ട്ര വിമാന ത്താവളത്തിലെ സൗകര്യം മെച്ചപ്പെടു ത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

135 3.3.2000 ശ്രീ. പി. രാഘവൻ

**ഇന്ത്യാ-അമേരിക്ക വ്യാപാര കരാർ**

അമേരിക്കയിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിന് വിലക്ക് കൽപ്പിച്ചിരുന്ന 1429 ഇനം വസ്തുക്കളുടെ മേലുള്ള എല്ലാവിധ ഇറക്കുമതി നിയന്ത്രണവും എടുത്തുകളഞ്ഞുകൊണ്ട് 1999 ഡിസംബർ 27-ന് ജനീവയിൽ വച്ച് ഇന്ത്യ അമേരിക്കയുമായി ഒപ്പുവച്ച കരാർ ഇന്ത്യയുടെ വിദേശ നാണയ ശേഖരം കുറയ്ക്കുന്നതും

കാർഷിക, വ്യാവസായിക, ഓട്ടോമൊബൈൽ, ടെക്സ്റ്റയിൽസ് തുടങ്ങിയ മേഖലകളെ പ്രതികൂലമായി ബാധിക്കുന്നതും റബ്ബർപാൽ അടക്കമുള്ള റബ്ബർ ഉൽപ്പന്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, നാളികേര ഉൽപ്പന്നങ്ങൾ, തേയില, മത്സ്യോൽപ്പന്നങ്ങൾ തുടങ്ങിയവയിലുള്ള ഇറക്കുമതി നിയന്ത്രണം ഇല്ലാതാകുന്നതോടെ സംസ്ഥാനത്ത് കാർഷിക മേഖല പൂർണ്ണമായും തകർച്ചയിലേക്ക് തള്ളപ്പെടുന്നതും രാജ്യത്തിന്റെ സമ്പദ്ഘടന തകർക്കുന്നതും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതും ഇന്ത്യൻ സമ്പത്ത് മുഴുവൻ അമേരിക്കയ്ക്ക് കൊള്ളയടിയ്ക്കാൻ അവസരം ഉണ്ടാക്കുന്നതുമായതിനാൽ കരാർ റദ്ദാക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രത്തോട് ആവശ്യപ്പെടുന്നു

136 3.3.2000 ശ്രീ. കെ. പി. രാജേന്ദ്രൻ

**പൊതുവിതരണ സമ്പ്രദായം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക**

ഭക്ഷ്യ സബ്സിഡി പിൻവലിയ്ക്കുവാനും റേഷൻ സംവിധാനം പരിമിതപ്പെടുത്തുവാനും കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്ന നടപടിയുടെ ഭാഗമായി പൊതുവിതരണ കേന്ദ്രങ്ങൾ വഴി നൽകിക്കൊണ്ടിരിക്കുന്ന ഗുണനിലവാരം കുറഞ്ഞ അരിയുടെ വില ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് നാലുരൂപയിൽ നിന്നും ആറര രൂപയായും ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് ഒമ്പത് രൂപ അറുപതു പൈസയിൽ നിന്നും 12 രൂപയായും ഉയർത്തുവാനുള്ള നിർദ്ദേശം പൊതു വിപണിയിൽ അരിയുടെ വില കുതിച്ചുയരുന്നതിനും സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സമ്പ്രദായം തകരുന്നതിനും ഇടയാക്കുമെന്നതിനാൽ ഈ തീരുമാനം ഉപേക്ഷിക്കണമെന്നും ഭക്ഷ്യ സബ്സിഡി നിലനിർത്തി നിലവിലുള്ള റേഷൻ സമ്പ്രദായം തുടരുവാനുള്ള നടപടി കൈക്കൊള്ളണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

## പതിനൊന്നാം കേരള നിയമസഭ

137 12.7.2002 ശ്രീ. കെ. എൻ. എ. ഖാദർ

**പ്രവാസികൾക്ക് വോട്ടവകാശം**

കേരളത്തിൽ നിന്നും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ

ജോലി സംബന്ധമായും മറ്റും പോയിട്ടുള്ള എല്ലാ പ്രവാസികൾക്കും തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യാനുള്ള അവകാശം ലഭ്യമാക്കണമെന്നും അതിനായി ജനപ്രാതിനിധ്യ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

138. 11.7.2003 ശ്രീ. ഇ. എം. അഗസ്തി

**തേയിലവ്യവസായത്തെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക**

കേന്ദ്ര സർക്കാരിന്റെ കയറ്റിറക്ക് നയം മൂലം പ്രതിസന്ധിയിലായ തേയില വ്യവസായത്തേയും, തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

139. 8.8.2003 ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ

**പരിഷ്ക്കാരങ്ങളെ സംബന്ധിച്ചുള്ള കാർഷികമേഖലയിലെ എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്**

W.T.O കരാറിനെത്തുടർന്ന് സംസ്ഥാനത്ത് കാർഷിക മേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെയും നടപടികളെയും സംബന്ധിച്ച് പഠിച്ച് ശിപാർശകൾ നൽകാൻ സർക്കാർ നിയമിച്ച ഡോക്ടർ എം.എസ്.സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ പ്രേരിപ്പിക്കാനും സംസ്ഥാന തലത്തിൽ എടുക്കേണ്ട അടിയന്തിര നടപടികളെ സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുവാനും ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

140. 9.7.2004 ശ്രീ. ടി. എൻ. പ്രതാപൻ

**അമിത വിമാന യാത്രാനിരക്ക് കുറയ്ക്കുക**

ഉപജീവനമാർഗ്ഗം തേടി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന ലക്ഷക്കണക്കിന് കേരളീയരിൽ നിന്നും എയർ ഇൻഡ്യയും ഇന്ത്യൻ എയർലൈൻസും ഗൾഫ് സെക്ടറിൽ ഈടാക്കുന്ന അമിതമായ വിമാനയാത്രാനിരക്കുകൾ ഇവർക്ക് താങ്ങാനാവാത്ത ഭാരമുണ്ടാക്കുകയാണ്. കേരളത്തിൽ നിന്ന് യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുള്ള വിമാനയാത്രാനിരക്കു കളുമായി താരതമ്യം ചെയ്യുമ്പോൾ ഗൾഫ്

സെക്ടറിൽ പ്രസ്തുത വിമാന കമ്പനികൾ ഈടാക്കുന്ന യാത്ര നിരക്ക് കൂടുതലാണ്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള ഈ അമിത വിമാനയാത്രാ നിരക്കുകൾ കുറയ്ക്കുവാൻ എയർ ഇൻഡ്യയ്ക്കും ഇൻഡ്യൻ എയർലൈൻസിനും നിർദ്ദേശം നൽകണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ യാത്രാക്കാർ കേരളത്തിലേയ്ക്ക് വരികയും തിരികെ പോവുകയും ചെയ്യുന്ന തിരക്കുള്ള സീസണിൽ കൂടുതൽ സർവ്വീസുകൾ ഈ സെക്ടറിൽ അനുവദിക്കണമെന്ന് എയർ ഇന്ത്യയോടും ഇൻഡ്യൻ എയർലൈൻസിനോടും ആവശ്യപ്പെടണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

141. 9.7.2004 ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

**<u>കേരളത്തിൽ ഒരു ഐ.ഐ.ടി.</u>**

കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

142. 23.7.2004 ശ്രീ. സി. പി. മുഹമ്മദ്

**<u>കേരളത്തിലെ റെയിൽവേ വികസനം</u>**

സംസ്ഥാനത്ത് ഇരട്ടിപ്പിക്കൽ നടന്നു കൊണ്ടിരിക്കുന്ന റെയിൽവേ ലൈനുകളുടെ പണി അടുത്ത വർഷം പൂർത്തിയാക്കത്തക്കവണ്ണം ആവശ്യമായ തുകയനുവദിക്കുന്നതിനും നിരവധി കാലമായി റെയിൽ ഭരണകൂടത്തിന്റെ പരിഗണന യിലിരിക്കുന്നതും യാത്രക്കാർക്ക് വളരെ പ്രയോജനകരമായതുമായ ഷൊർണ്ണൂർ ട്രയാംഗുലർ റെയിൽവേ സ്റ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനും സംസ്ഥാനത്ത് നിന്നും ഈ വർഷം തന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് പുതിയ ദീർഘദൂര ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനും സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന റെയിൽവേ ഇലക്ട്രിഫിക്കേഷൻ പണികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും മലബാർ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളെ ഉൾപ്പെടുത്തി ഒരു പുതിയ റെയിൽവേ സോൺ രൂപീകരിച്ച് സംസ്ഥാനത്ത് അതിന്റെ ഹെഡ് ക്വാർട്ടേഴ്സ്

സ്ഥാപിക്കുന്നതിനും അടിയന്തിര തീരുമാനമെടുത്ത് നടപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും അതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു.

143. 23.7.2004 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

**ഫയലിംഗ് അധികാരത്തോടുകൂടി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക**

തിരുവനന്തപുരം കേന്ദ്രമാക്കി ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ഹൈക്കോടതി ബഞ്ച് പ്രവർത്തിച്ചിരുന്നു. എന്നാൽ, കാലക്രമേണ ഈ ബഞ്ചിന് ഫയലിംഗ് അധികാരം നഷ്ടപ്പെടുകയുണ്ടായി. ഈ അധികാര നഷ്ടപ്പെടൽ മൂലം ഗവൺമെന്റിനും മറ്റുമായി സാമ്പത്തികമുൾപ്പെടെ നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം കേന്ദ്രമായി ഉണ്ടായിരുന്ന ഹൈക്കോടതി ബഞ്ച് ഫയലിംഗ് അധികാരത്തോടുകൂടി പുനരുജ്ജീവിപ്പിച്ച് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു.

## പന്ത്രണ്ടാം കേരള നിയമസഭ

144 23.3.2007 ശ്രീ. എം. ഹംസ

**റെയിൽവേ വികസനത്തിനായി പെനിൻസുലാർ സോൺ അനുവദിക്കാൻ നടപടി സ്വീകരിക്കുക**

ദക്ഷിണ റെയിൽവേയുടെ കീഴിൽ സേലം ആസ്ഥാനമാക്കി ഒരു പുതിയ റെയിൽവേ ഡിവിഷൻ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സേലം ഡിവിഷൻ തമിഴ്നാടിന്റെ ഭൂപരിധിയ്ക്കുള്ളിൽ മാത്രം ഒതുങ്ങുന്ന ഒരു ഡിവിഷനാണ്. ഇങ്ങനെ ഒരു ഡിവിഷൻ രൂപീകരിക്കുമ്പോൾ സമീപ ഡിവിഷനുകളിൽ നിന്നും തുല്യഭാഗങ്ങൾ വിഭജിച്ച് കൊണ്ടായിരിക്കണം പുതിയ ഡിവിഷൻ രൂപീകരിക്കേണ്ടത്. എന്നാൽ റെയിൽവേ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് മാത്ര

ഡിവിഷനായ പാലക്കാട് ഡിവിഷന്റെ ഭൂരിഭാഗം റെയിൽവേ ലൈനുകളും വെട്ടിമുറിച്ച് സേലം ഡിവിഷൻ ഉണ്ടാക്കുന്ന തരത്തിലാണ്. ഇത് റെയിൽവേയുടെ ഡിവിഷൻ രൂപീകരണ തത്വത്തിന് എതിരാണ്. ഫലത്തിൽ സേലം ഡിവിഷൻ രൂപീകരണം പാലക്കാട് ഡിവിഷന്റെ വിഭജനമായിട്ടാണ് സംഭവിച്ചിരിക്കുന്നത്. ഇത് ക്രമേണ പാലക്കാട് ഡിവിഷന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിനും വരുമാനം കുറഞ്ഞ ഡിവിഷൻ എന്ന നിലയിൽ പ്രവർത്തനം നിലയ്ക്കുന്നതിനും വഴിവയ്ക്കും. അതിനാൽ പ്രസ്തുത തീരുമാനത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും കേരളത്തിന്റെ റെയിൽവേ വികസനം പൂർണ്ണമാകുന്നതിന് ഉതകും വിധം കേരളത്തിലെ രണ്ട് റെയിൽവേ ഡിവിഷനുകളും കൊങ്കൺ റെയിൽവേയും ഉൾപ്പെടുത്തി ഒരു പെനിൻസുലാർ സോൺ അനുവദിക്കണമെന്നും കേരള നിയമസഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

145. 29.6.2007 ശ്രീ. വി. എസ്. സുനിൽകുമാർ

**കേരളത്തിലെ റെയിൽവേ വികസനം**

റെയിൽവേ വികസനത്തിൽ കേരളത്തോടുള്ള അവഗണന ഈ സഭ പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇന്ത്യയുടെ തെക്കെ അറ്റത്തുള്ള ഈ സംസ്ഥാനത്തോട് റെയിൽവേ മന്ത്രാലയം നീതി പുലർത്തിയിട്ടില്ല. മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. കേരളത്തിലെ റെയിൽവേയുടെ പ്രവർത്തനം തിരുവനന്തപുരം, പാലക്കാട് എന്നീ റെയിൽവേ ഡിവിഷനുകളുടെ കീഴിലാണ്. ഈ രണ്ടു ഡിവിഷനുകളെയും ചെന്നൈ ആസ്ഥാനമായുള്ള ദക്ഷിണ റെയിൽവേയുടെ കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പാത ഇരട്ടിപ്പിക്കൽ,

വൈദ്യുതീകരണം എന്നിവയുടെ കാര്യത്തിൽ ഈ രണ്ടു ഡിവിഷനുകളും വളരെ പിന്നിലാണ്. മംഗലാപുരം-ഷൊർണ്ണൂർ പാതയുടെ ഇരട്ടിപ്പിക്കൽ ഏതാണ്ട് പൂർത്തിയായെങ്കിലും വൈദ്യുതീകരണം ആരംഭിച്ചിട്ടില്ല. ഏറ്റവും കൂടുതൽ ട്രാഫിക്കുള്ള എറണാകുളം-കായംകുളം റെയിൽപ്പാത (ആലപ്പുഴ-കോട്ടയം വഴി) ഇരട്ടിപ്പിക്കൽ ഇനിയും ബാക്കിയാണ്. തിരുവനന്തപുരം- തിരുനെൽവേലി റെയിൽപാതയുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും ഇനിയും ആരംഭിച്ചിട്ടില്ല. കേരളത്തിലെ ആദ്യ റെയിൽപ്പാതയായ കൊല്ലം-ചെങ്കോട്ട മീറ്റർഗേജായി തുടരുന്നു. അടുത്തിടെ അതിലൂടെയുള്ള സർവീസും നിർത്തിവച്ചിരിക്കുന്നു. പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പൂർത്തിയായാൽ മാത്രമേ കേരളത്തിൽ റെയിൽവേ വികസനം സാധ്യമാകുകയുള്ളൂ. ശബരി റെയിൽപാത ഗുരുവായൂർ-താനൂർ റെയിൽപ്പാത എന്നിവ നിശ്ചലാവസ്ഥയിലാണ്. പുതിയ റെയിൽവേ ലൈനുകളും പുതിയ സർവേകളും ആരംഭിക്കേണ്ടതാണ്. അതിനിടയിലാണ് കേരളത്തിലെ പാലക്കാട് ആസ്ഥാനമായ റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് പുതിയ സേലം ഡിവിഷൻ രൂപീകരിക്കുവാനുള്ള ശ്രമവും കേരളത്തിലുള്ള അനുബന്ധ ഓഫീസുകൾ ചെന്നൈയിലേയ്ക്ക് മാറ്റുന്നതിനുള്ള നീക്കവും നടക്കുന്നത് എന്നത് ഈ അവസ്ഥയ്ക്ക് ആക്കം കൂട്ടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവേയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി പരിശ്രമങ്ങൾ നടത്തി. ഇതിന്റെ ഫലമായി, ഇദംപ്രഥമമായി ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് മോശമല്ലാത്ത പരിഗണന ലഭിച്ചു. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ ലോകനിലവാരത്തി ലേക്കുയർത്തുക, ആലപ്പുഴയിലെ കോച്ച് ഫാക്ടറി, കൊല്ലത്തെ എം.ഇ.എം.യു.-കാർഷെഡ്, കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണം

കൊച്ചുവേളി ടെർമിനലിന്റെ വിപുലീകരണം പാത ഇരട്ടിപ്പിക്കലിനുവേണ്ടി നീക്കിവച്ച 138 കോടി രൂപ, നഞ്ചൻകോട് - നിലമ്പൂർ, മൈസൂർ-തലശ്ശേരി എന്നീ ലൈനുകളുടെ സർവേ, തിരുവനന്തപുരം-മുംബൈ ഗരീബിരഥ് എന്നിവ ഇവയിൽ ഉൾപ്പെടും എന്നിരുന്നാലും, രാജ്യത്തെ തെക്കെ അറ്റത്തെ ഒരു സംസ്ഥാനം എന്ന നിലയിലും ഏറ്റവും അധികം മലയാളികൾ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നു എന്നതിനാലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിന് വളരെ പ്രാധാന്യമുണ്ട്. യാത്രാ വരുമാനത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിലും റെയിൽവേയ്ക്ക് പ്രാധാന്യം ഏറെയാണ്. വളർന്നുവരുന്ന ഒരു വിനോദസഞ്ചാര സംസ്ഥാനം എന്ന നിലയിലും കേരളത്തിന് പ്രത്യേക പരിഗണന ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും കേരളത്തിന്റെ പ്രധാന ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കലും, വൈദ്യുതീകരണവും തുടങ്ങിയ ആവശ്യങ്ങളും 2007-2008 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും അടിയന്തിരമായി ആരംഭിക്കണമെന്നും സമയബന്ധിതമായി പൂർത്തിയാക്കണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

146. 14.09.2007 ശ്രീമതി ഇ. എസ്. ബിജിമോൾ

**<u>അർഹരായവരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുക</u>**

കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 12.25 ലക്ഷത്തിൽ കവിയാൻ പാടില്ല എന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിനു പരിധി നിശ്ചയിച്ചശേഷം അതനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നത് നീതിക്കു നിരക്കാത്തതും, യുക്തിരഹിതവുമാണ്. ഈ നിർദ്ദേശം നടപ്പിലാക്കിയാൽ പട്ടിണിപ്പാവങ്ങളായ

ലക്ഷണക്കണക്കിനു കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാനിടയാകും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ മാത്രമല്ല, റേഷൻ സാധനങ്ങൾ കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കാണ്. ഈ സാഹചര്യത്തിൽ അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ ഉണ്ടാക ണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റി നോടാവശ്യപ്പെടുന്നു.

147. 11.07.2008 ശ്രീ. വി. എൻ. വാസവൻ

**ഇന്തോ-അമേരിക്കൻ ആണവക്കരാർ**

സ്വന്തം സഖ്യശക്തിയായി ഇൻഡ്യയെ മാറ്റുന്നതിനുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തന്ത്രപരമായ നീക്കത്തിന്റെ ഭാഗമായുള്ള ഇന്തോ-അമേരിക്കൻ ആണവക്കരാർ ഒപ്പിടുന്നതിൽ നിന്ന് പിന്മാറണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

148. 11.07.2008 ശ്രീ. കെ. അജിത്

**പരിസ്ഥിത ആഘാത നിർണ്ണയ വിജ്ഞാപനം**

കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച പരിസ്ഥിതി ആഘാത നിർണ്ണയവിജ്ഞാപനം സംസ്ഥാന താത്പര്യങ്ങൾക്ക് എതിരായതുകൊണ്ട് അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കാൻ ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

149. 10.07.2009 ശ്രീ. പി. വിശ്വൻ

**കേന്ദ്ര കടാശ്വാസ കമ്മീഷൻ നിയമം നിർമ്മിക്കാൻ നടപടി സ്വീകരിക്കുക**

ഉയർന്ന ഉത്പാദനച്ചെലവും, ഉത്പന്നങ്ങളുടെ വിലത്തകർച്ചയും, കൃഷിനാശവും മൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണി യിലകപ്പെടുകയും, ആത്മഹത്യയിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്ന കർഷക കുടുംബങ്ങളെ രക്ഷിക്കാൻ കേരള നിയമസഭ കേരള കർഷകകടാശ്വാസ കമ്മീഷൻ നിയമം പാസ്സാക്കുകയും, അതനുസരിച്ച് കമ്മീഷന്റെ

പ്രവർത്തനം നടന്നുവരികയുമാണ്. എന്നാൽ, കേന്ദ്ര നിയമങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ബാധകമല്ല. ആയതുകൊണ്ട് ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് കടമെടുത്ത കർഷകരെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കാൻ സഹായകമാകുന്ന ഒരു കേന്ദ്ര കടാശ്വാസ കമ്മീഷൻ നിയമം നിർമ്മിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| 150. | 19.03.2010 | ശ്രീ. എം. പ്രകാശൻ മാസ്റ്റർ (ശ്രീ. അൽഫോൺസ് കണ്ണന്താനം അധികാരപ്പെടുത്തിയതു പ്രകാരം) | **<u>കേന്ദ്രവിഷ്കൃത പദ്ധതികളിലെ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ നടപടി</u>**<br><br>കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കു നേരിട്ട് ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനുപകരം കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലായി പ്രഖ്യാപിക്കുന്ന പ്രവണത ശക്തിപ്പെടുകയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യത്യസ്ത ജീവിത നിലവാരവും, വ്യത്യസ്ത അടിസ്ഥാന സൗകര്യ വികസനവും, വൈവിദ്ധ്യമാർന്ന പ്രശ്നങ്ങളും നിലവിലുള്ളവയാണ്. എന്നാൽ, സംസ്ഥാനങ്ങളുടെ ഈ വൈവിദ്ധ്യത്തെ പരിഗണിച്ചുകൊണ്ടുള്ള സമീപനമല്ല കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സ്വീകരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനങ്ങളുടെ പ്രത്യേകതകളും പ്രശ്നങ്ങളും പരിഗണിക്കാതിരിക്കുന്നത് ഏറ്റവും വലിയ പ്രയാസമുണ്ടാക്കുന്നത് കേരള സംസ്ഥാനത്തിനാണ്. ജനസാന്ദ്രതയിലും സേവന വികസനത്തിലും വലിയ മുന്നേറ്റമുണ്ടാക്കിയ ഈ സംസ്ഥാനത്തിന്റെ സവിശേഷതകൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിഗണിക്കുന്നതേയില്ല. വിവിധ മേഖലകളിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വ്യവസ്ഥകൾ അതതു സംസ്ഥാനത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് മാറ്റം വരുത്തി നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകണമെന്ന് ഈ സഭ കേന്ദ്ര |

ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

151. 19.03.2010 ശ്രീ. പി. കൃഷ്ണപ്രസാദ്

**സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം സംരക്ഷിക്കാൻ നടപടി**

എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക വിതരണം ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തിന് അനുവദിക്കുന്ന അരിയുടെ അളവിൽ കുറവു വരുത്താനും, ഈ വിഭാഗത്തിനുള്ള അരിയുടെ സബ്സിഡി പിൻവലിക്കാനുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തിൽ ഈ സഭ പ്രതിഷേധം രേഖപ്പെടുത്തുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും കിലോയ്ക്ക് 8.90 രൂപയ്ക്ക് അരി നൽകണമെന്നും, ഇതിനാവശ്യമായ മുഴുവൻ അരിയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും, നാലു പതിറ്റാണ്ടിലേറെയായി നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാനുള്ള നീക്കത്തിൽ നിന്ന് പിന്തിരിയണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

152. 19.03.2010 ശ്രീ. ബാബു പോൾ

**ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി**

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ കേരളത്തിലെ മുഴുവൻ ജില്ലകളെയും ഉൾപ്പെടുത്തി സംസ്ഥാനത്തെ കാർഷികമേഖലയുടെയും അനുബന്ധമേഖലകളുടെയും സമഗ്രമായ പുരോഗതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് സംസ്ഥാന നിയമസഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

153. 09.07.2010 ശ്രീ. ടി. എൻ. പ്രതാപൻ

**അമിതമായ വിമാനയാത്രാനിരക്ക് കുറയ്ക്കാൻ നടപടി**

നമ്മുടെ രാജ്യത്തിന്റെ, പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ, സമ്പദ്ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്നവരാണ് വിദേശത്തു ജോലി ചെയ്യുന്ന കേരളീയർ. ഗൾഫ് രാജ്യങ്ങളിലുള്ള പതിനായിരങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഇന്നു കേരളത്തിൽ കാണുന്ന പുരോഗതിയുടെ മുഖ്യപങ്കും. ഈ സഹോദരങ്ങൾ അവധി സമയങ്ങളിൽ നാട്ടിലേയ്ക്കു വരുന്നതിനുവേണ്ടി ആശ്രയിക്കുന്ന

വിമാന സർവ്വീസുകൾ അവരെ ചൂഷണം ചെയ്യുകയാണ്. എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന സർവ്വീസുകൾ അമിതമായ നിരക്കുകൾ ഈടാക്കുന്നുവെന്ന മാത്രമല്ല, മുൻ നിശ്ചയ പ്രകാരം പുറപ്പെടാതെ തത്സമയം വിവിധ കാരണങ്ങളാൽ സർവ്വീസ് ഉപേക്ഷിച്ചും, അവശ്യ സൗകര്യങ്ങൾ നൽകാതെയുമെല്ലാം ഗൾഫ് മലയാളികളെ പീഡിപ്പിക്കുകയാണ്. ഗൾഫ് മലയാളികളോട് എയർ ഇന്ത്യ ഉൾപ്പെടെ കാണിക്കുന്ന ഈ ക്രൂരതയ്ക്കെതിരെ ഈ സഭ പ്രതിഷേധിക്കുന്നു. ഒപ്പം, കൂടുതൽ വിമാന സർവ്വീസുകൾ കേരളത്തിലെ നെടുമ്പാശ്ശേരി, തിരുവനന്തപുരം, കരിപ്പൂർ വിമാന ത്താവളങ്ങളിൽ നിന്നും ആരംഭിക്കണമെന്നും, അമിതമായ വിമാന യാത്രാനിരക്ക് കുറയ്ക്കണമെന്നും, അവശ്യ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോടും വിവിധ വിമാനക്കമ്പനികളോടും കേരള നിയമസഭ ആവശ്യപ്പെടുന്നു.

154. 09.07.2010 ശ്രീ. ആർ. സെൽവരാജ്

**<u>പെട്രോളിയം ഉത്പ്പന്നങ്ങളുടെ വിലവർധന</u>**

പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില വർദ്ധിപ്പിക്കാനും, ഗവൺമെന്റിനുള്ള വിലനിർണ്ണയാവകാശം എടുത്തുകളയാനുമുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം അത്യന്തം പ്രതിഷേധാർഹമാണ്. വൻതോതിലുള്ള വിലക്കയറ്റം മൂലം ബുദ്ധിമുട്ടുന്ന ജനങ്ങളെ ഈ തീരുമാനം കൂടുതൽ വിഷമത്തിലാക്കും. സ്വകാര്യ എണ്ണക്കമ്പനികളുടെയും ഊഹക്കച്ചവടക്കാരുടെയും ചൂഷണത്തിന് ജനങ്ങളെ വിട്ടുകൊടുക്കുന്നതാണ് ഈ തീരുമാനം. ഇതിനെതിരെ രാജ്യത്ത് ഉയർന്നുവരുന്ന ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്താനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

155. 23.07.2010 ശ്രീ. എം. എം. മോനായി

**<u>വിദ്യാഭ്യാസാവകാശ നിയമം</u>**

വിദ്യാഭ്യാസാവകാശനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റിന് അധികമായി വരുന്ന ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

## പതിമൂന്നാം കേരള നിയമസഭ

156. 14.10.2011 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**പൗരസ്ത്യഭാഷാ സർവ്വകലാശാല**

വിവിധ വിദേശരാഷ്ട്രങ്ങളിലായി ദശലക്ഷക്കണക്കിനു കേരളീയർ ഇപ്പോൾ ജോലി ചെയ്തു വരികയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനത്തിൽ മുഖ്യ സ്രോതസ്സുകളിലൊന്ന് ഇവർ നേടിത്തരുന്ന വിദേശ പണമാണ്. അവിദഗ്ദ്ധർക്ക് അവസരങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വിദേശ രാജ്യങ്ങളിൽ വിദഗ്ദ്ധരായവർക്ക് ഇപ്പോൾ അവസരങ്ങൾ ഏറെയുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യ രേറെയുണ്ടെങ്കിലും വിദേശ ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുവാൻ കഴിയാതെ വരുന്നത് ഇവർക്കുള്ള മികച്ച അവസരങ്ങൾ നഷ്ടപ്പെടുത്തുകയാണ്. തൊഴിൽ സാദ്ധ്യതയോയൊപ്പം തന്നെ സംസ്കാരങ്ങളുടെ വിനിമയമാധ്യമമായ ഭാഷകൾക്ക് പ്രത്യേകമായ പഠന സൗകര്യമോ ഗവേഷണ സൗകര്യങ്ങളോ ഇന്നു കേരളത്തിൽ പരിമിതമാണ്. ഈ സാഹചര്യത്തിൽ, മനുഷ്യവിഭവശേഷിയുടെ ക്രിയാത്മകമായ വളർച്ച ത്വരിതപ്പെടുത്തുവാനും, അന്തർദ്ദേശീയ രംഗത്ത് മത്സരിക്കുവാനുമുതകുന്ന വിധം പുതിയ തലമുറയെ സജ്ജമാക്കാനും, ഹൈദരാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി (EFLU) മാതൃകയിൽ ഇംഗ്ലീഷ്, അറബി എന്നിവ ഉൾപ്പെടെയുള്ള വിദേശ ഭാഷകൾക്കായി ഒരു പൗരസ്ത്യഭാഷാ സർവ്വകലാശാല സംസ്ഥാനത്തു സ്ഥാപിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു.

157. 28.10.2011 ശ്രീ. ബെന്നി ബെഹനാൻ

**ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാൻ നടപടി**

മരുന്നു കമ്പനികളും വിതരണക്കാരും വ്യാപാരികളും ചേർന്ന് മരുന്നുകളുടെ വില അന്യായമായി വർദ്ധിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ശക്തിപ്പെടുത്തി എല്ലാ മരുന്നുകളും ന്യായവിലയ്ക്ക് സർക്കാർ ഏജൻസി മുഖേന ജനങ്ങൾക്കു ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുന്നു.

158. 22.06.2012 ശ്രീ. എം. പി. വിൻസെന്റ്

**<u>രാസവളങ്ങളുടെ വില കുറയ്ക്കാൻ നടപടി</u>**

രാസവളങ്ങളുടെ വില കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും, വില നിർണ്ണയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽത്തന്നെ നിക്ഷിപ്തമാക്കണമെന്നും ഈ സഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

159. 06.07.2012 ശ്രീ. പുരുഷൻ കടലുണ്ടി

**<u>മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കാൻ നടപടി</u>**

കാലപ്പഴക്കവും, തുടർച്ചയായി ഉണ്ടാകുന്ന ഭൂകമ്പ ഭീഷണിയും, അതിവൃഷ്ടിയും മൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും ഡാമിന്റെ നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ലക്ഷക്കണക്കിനു ജനങ്ങളുടെ സുരക്ഷയെക്കരുതി പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു. പുതിയ ഡാമിന്റെ നിർമ്മാണം വരെ, നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 36.576 മീറ്റർ (120 അടി) ആയി താഴ്ത്തുവാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണത്തെത്തുടർന്ന് നിലവിൽ നൽകുന്ന അതേ അളവിൽത്തന്നെ തമിഴ്നാടിന് വെള്ളം ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്നും, 'കേരളത്തിനു സുരക്ഷ – തമിഴ്നാടിനു ജലം എന്ന സമീപനത്തിൽ കേരളം ഉറച്ചുനിൽക്കുമെന്നും

| | | | |
|---|---|---|---|
| | | | കേരള നിയമസഭ അസന്ദിഗ്ദ്ധമായി ഉറപ്പുനൽകുന്നു. |
| 160. | 06.07.2012 | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | **നേരിട്ടുള്ള വിദേശനിക്ഷേപം**<br>കേരളത്തിൽ റീട്ടെയിൽ മാർക്കറ്റിംഗ് രംഗത്ത് നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) അനുവദിക്കരുതെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. |
| 161 | 20.6.2014 | ശ്രീ. പി. ഉബൈദുള്ള | **മലബാറിൽ സബർബൻ റെയിൽ സംവിധാനം**<br>"രൂക്ഷമായ ഗതാഗത പ്രശ്നം നിലനിൽക്കുന്ന മലബാർ മേഖലയിലെ ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കാനുതകുന്നതും, സ്ഥലമെടുപ്പ് പോലുള്ള പ്രയാസങ്ങളില്ലാത്തതുമായ 'സബർബൻ റെയിൽ' സംവിധാനം മലബാർ മേഖലയിൽ കൂടി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു." |
| 162 | 20.6.2014 | ഡോ. ടി. എം. തോമസ് ഐസക് | **എഫ്.എ.സി.റ്റി. നേരിടുന്ന പ്രതിസന്ധി**<br>"ദക്ഷിണ ഇന്ത്യയിലെ ഏറ്റവും വലിയ ഉൽപാദനശാലയും കേരളത്തിന്റെ അഭിമാനവുമായ എഫ്.എ.സി. ടി അതീവ ഗുരുതരമായ പ്രതിസന്ധിയെയാണ് നേരിടുന്നത്. പ്രകൃതി വാതകത്തിന്റെ വില മറ്റുള്ള കമ്പനികൾക്ക് 4.3 ഡോളറാണെങ്കിൽ ഫാക്ടിന് ലഭിക്കുന്നത് 24 – 34 ഡോളർ നിരക്കിലാണ്. അമോണിയ പ്ലാന്റും കാപ്രോലാക്ടം പ്ലാന്റും ഇതിനകം അടച്ചുപൂട്ടി. സമ്പൂർണ്ണ തകർച്ചയിൽ നിന്ന് ഫാക്ടിനെ രക്ഷിക്കാൻ പൊതുമേഖല പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കണമെന്നും പ്രകൃതിവാതകത്തിന്റെ അധിക വിലയ്ക്ക് കോമ്പൻസേഷൻ അനുവദിക്കണമെന്നും സംസ്ഥാന നിയമസഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു." |

## പതിനാലാം കേരള നിയമസഭ

| | | | |
|---|---|---|---|
| 163. | 5.5.2017 | ശ്രീ. മുല്ലക്കര രത്നാകരൻ | **കേരളം നേരിടുന്ന വരൾച്ച**<br>"മുൻവർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം |

കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ളക്ഷാമവും, വൈദ്യുതിയുത്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പ്പന്നങ്ങളുടെ ഉൽപാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽരൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു".

164. 5.5.2017 ശ്രീ. കെ. വി. അബ്ദുൽ ഖാദർ

**കേരളീയ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ**

"ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നു വെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നി ലധികമാണ് രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെടുന്നു".

165 8.11.2019 മാത്യു ടി. തോമസ്

**<u>കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മാനദണ്ഡങ്ങൾ</u>**

"സംസ്ഥാന/പ്രദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും തുലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മ മൂലമാണ്. എൻ.എച്ച്.എം., എസ്സ്. എസ്സ്. എ പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതു മൂലം, സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണ്. ഇതിനു പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.

ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്ര

സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.